I ഇ.ബി. XII-കേരള നിയമസഭ /IV-14

**പന്ത്രണ്ടാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നിയമസഭാ നടപടികൾ – സംഗ്രഹം**
**(ചോദ്യോത്തരങ്ങൾ ഒഴികെ)**

<u>2007 മാർച്ച് 21, ബുധൻ</u>

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## ശ്രദ്ധക്ഷണിക്കൽ

(1) <u>മലയാള സർവ്വകലാശാല</u>

<u>ശ്രീ.എം.എ. വാഹിദ്</u>: ഭാഷാസർവ്വകലാശാല ഇല്ലാത്ത കേരളത്തിൽ . മലയാള ഭാഷയെ പരിപോഷിപ്പിക്കുന്നതിനും ഭാഷാഗവേഷണത്തിനും ഒരു സർവ്വകലാശാല അനിവാര്യമാണ്. കേരളപ്പിറവിയുടെ അൻപതാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ തോന്നയ്ക്കലിലുള്ള മഹാകവി കുമാരനാശാൻ സ്മാരകം ആസ്ഥാനമാക്കി ഒരു മലയാള സർവ്വകലാശാല സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ.എം.എ. ബേബി):</u> മലയാള സർവ്വകലാശാല സ്ഥാപിക്കണമെന്ന ആവശ്യം പല മെമ്പർമാരും സഭയിൽ ഉന്നയിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാർഷിക സർവ്വകലാശാല, നാഷണൽ യൂണിവേഴ്സിറ്റി ഫോർ അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് എന്നിവ

പ്രവർത്തിക്കുന്നുണ്ട്. കേരള കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റിയാക്കുന്ന പ്രക്രിയ തുടരുകയാണ്. ഇതുകൂടാതെ മെഡിക്കൽ സർവ്വകലാശാലയ്ക്കും സാങ്കേതിക സർവ്വകലാശാലയ്ക്കുമുള്ള നിർദ്ദേശങ്ങൾ പരിഗണനയിലാണ്. മലയാള ഭാഷാപഠനത്തിന് കൂടുതൽ പ്രാധാന്യം നൽകി നിലവിലുള്ള സർവ്വകലാശാലകളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. മലയാള ഭാഷയ്ക്കുവേണ്ടി പുതിയൊരു സർവ്വകലാശാല സ്ഥാപിക്കുതിനെക്കുറിച്ച് സാഹചര്യങ്ങൾ അനുകൂലമാകുന്ന മുറയ്ക്ക് സർക്കാർ ആലോചിക്കുന്നതാണ്.

(2) കൈത്തറി മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. എൻ. അനിരുദ്ധൻ: കേരളത്തിലെ കൈത്തറി വ്യവസായം അതീവ ഗുരുതരപ്രതിസന്ധി നേരിടുകയാണ്. ഈ മേഖലയിൽ പണിയെടുക്കുന്നവരിൽ ഭൂരിഭാഗവും സ്ത്രീകളും പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവരും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുമാണ്. ഈ മേഖലയുമായി ബന്ധപ്പെട്ട ഏതാനും കമ്മീഷൻ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരുന്ന പരിഷ്ക്കാരങ്ങൾ ആഗോളവൽക്കരണത്തിന്റെ ഭാഗമായി നിന്നുപോവുകയാണുണ്ടായത്. കൈത്തറി വ്യവസായത്തകർച്ചമൂലം ഈ മേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരികയാണ്. മലബാർ, കൊച്ചി, തിരുവിതാംകൂർ മേഖലകളിൽ 75 ശതമാനവും സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചിട്ടുള്ള ഈ കൈത്തറി സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നത് . ഹാൻടെക്സ്, ഹാൻവീവ് എന്നീ അപ്പെക്സ് സംഘങ്ങളാണ്. ഉൽപ്പാദനച്ചെലവ്, പരസ്യത്തിന്റെ അഭാവം, റിസർവേഷൻ എടുത്തു കളഞ്ഞത്, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായം

നിർത്തലാക്കിയത്, സിന്തറ്റിക് ഫൈബറുകളുടെ കടന്നുകയറ്റം എന്നിവ ഈ മേഖലയിലെ പ്രതിസന്ധി രൂക്ഷമാക്കിയിട്ടുണ്ട്. കൈത്തറി മേഖലയ്ക്ക് സാമൂഹ്യസുരക്ഷാ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുകയും പുതിയ ഉൽപ്പാദന-വിപണന നയം ആവിഷ്ക്കരിക്കുകയും ഉൽപ്പന്നങ്ങൾക്ക് വിദേശ മാർക്കറ്റുകൾ കണ്ടെത്തുകയും ചെയ്യണം. പി.എഫ്., ഇ.എസ്.ഐ. ഇനത്തിലുള്ള കുടിശ്ശികകൾ തീർത്ത് തൊഴിലാളികളിൽ ആത്മവിശ്വാസം വളർത്തിയെടുക്കണം. സംഘങ്ങളുടെ കടങ്ങൾ എഴുതിത്തള്ളുകയോ ഗവൺമെന്റ് ഷെയറാക്കി മാറ്റുകയോ ചെയ്യണം. നബാർഡിൽ നിന്ന് കുറഞ്ഞ പലിശയ്ക്ക് പ്രവർത്തന മൂലധനം ലഭ്യമാക്കുകയും. കേന്ദ്ര സഹായം ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്നവിധം വയബിളായ പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ഹാൻടെക്സിലും ഹാൻവീവിലും കെട്ടിക്കിടക്കുന്ന തുണിത്തരങ്ങൾ വിറ്റഴിക്കുന്നതിന് സർക്കാർ സഹായം നൽകുകയും ചെയ്യണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ.എളമരം കരീം): കൈത്തറി മേഖലയെ സംരക്ഷിക്കാൻ സർക്കാർ പല പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫാഷൻ ടെക്നോളജി കേരളത്തിൽ സ്ഥാപിക്കാനുള്ള പ്രാരംഭ നടപടികൾ കൈക്കൊള്ളുന്നതാണ്. സ്കൂൾ കുട്ടികളും സർക്കാർ ജീവനക്കാരും ആഴ്ചയിൽ ഒരു ദിവസം കൈത്തറി/ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. 433 കൈത്തറി സംഘങ്ങളിൽ ആഡിറ്റ് നടത്തി കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സംഘങ്ങൾക്കുള്ള

കുടിശ്ശിക കേന്ദ്ര സഹായത്തോടെ ക്രമീകരിക്കാൻ ശ്രമങ്ങൾ നടത്തിവരുന്നു. വിപണനത്തിനും കയറ്റുമതിക്കുമുള്ള വിവിധ പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നുണ്ട്.. ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് വിദഗ്ദ്ധ വികസന സമിതിയെ നിയമിക്കുന്നതാണ് കേരളാ സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ റിപ്പോർട്ട് ലഭ്യമാക്കി കടബാദ്ധ്യതയിൽ നിൽക്കുന്ന ഹാൻടെക്സിന്റെയും ഹാൻവീവിന്റെയും പ്രവർത്തനങ്ങൾ പുന:സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതും റിബേറ്റാനുകൂല്യങ്ങൾ തട്ടിയെടുക്കുന്ന സംഘങ്ങളുടെ പേരിൽ കർശന നടപടി സ്വീകരിക്കുന്നതുമാണ്. കൈത്തറി സംഘങ്ങളെ സംരക്ഷിക്കാനും ഈ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്താനും കെട്ടിക്കിടക്കുന്ന തുണിത്തരങ്ങൾ വിറ്റഴിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## സബ്മിഷൻ

### (1) സുനാമി ദുരന്ത പ്രദേശങ്ങളിലെ വികസന പ്രവൃത്തികളിൽ നടന്നിട്ടുള്ള വീഴ്ച

ശ്രീ. ടി. എൻ. പ്രതാപൻ: സുനാമി ദുരന്തമുണ്ടായതിന്റെ പശ്ചാത്തലത്തിൽ 9 തീരദേശ ജില്ലകളെ സുനാമി ബാധിത ജില്ലകളായി പ്രഖ്യാപിക്കുകയും 225 വില്ലേജുകളിലെ പുനർനിർമ്മാണ പുനരുദ്ധാരണ ക്ഷേമ പ്രവൃത്തികൾക്കായി 1441.75 കോടി രൂപ കേന്ദ്ര പ്ളാനിംഗ് കമ്മിഷൻ അനുവദിക്കുകയുമുണ്ടായി. പ്രസ്തുത തുക ഉപയോഗിച്ചുള്ള വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാനുള്ള ഗൈഡ്ലൈനുകളും നോംസും ഡോക്കുമെന്റുകളും കേന്ദ്ര ഗവൺമെന്റ്

നൽകിയിട്ടുണ്ട്. മുഖ്യമന്ത്രി ചെയർമാനും റവന്യൂ വകുപ്പുമന്ത്രി വൈസ് ചെയർമാനും വിവിധ മന്ത്രിമാർ അംഗങ്ങളുമായ സംസ്ഥാന മോണിറ്ററിംഗ് കമ്മിറ്റിയാണ് ഇത് നടപ്പിലാക്കാനാവശ്യമായ രൂപരേഖകൾ തയ്യാറാക്കേണ്ടത്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരേ ഒരു തവണ മാത്രമാണ് മോണിറ്ററിംഗ് കമ്മിറ്റി കൂടിയിട്ടുള്ളത്. കേരളത്തിലെ വിവിധ ജില്ല കളിൽ ഇതിനാവശ്യമായ ജില്ലാ മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ച് പ്ളാനുണ്ടാക്കി നൽകാൻ നിർദ്ദേശം നൽകിയെങ്കിലും ആകെ മൂന്ന് ജില്ലക ളിൽനിന്ന് മാത്രമാണ് പ്ളാൻ പ്രൊപ്പോസൽ ലഭിച്ചത്. ഇതിനുവേണ്ടി അനുവദിച്ച പണം ലാപ്സായിപ്പോകുകയാണ്. സെപ്റ്റംബർ മാസം 25–ാം തീയതി കേന്ദ്ര പ്ളാനിംഗ് കമ്മീഷൻ ഇറക്കിയ സർക്കുലർ അനുസരിച്ച് തീരദേശ സംരക്ഷണം, കടൽഭിത്തി കെട്ടൽ, വനം വച്ചുപിടിപ്പിക്കൽ, വിദ്യാഭ്യാസം തുടങ്ങിയവയ്ക്ക് 2007 മാർച്ച് 31-നകം ചെലവ് ചെയ്യാൻവേണ്ട തുക അനുവദിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അനാസ്ഥ കാണിച്ച സംസ്ഥാന ഗവൺമെന്റിന്റെ നടപടി പ്രതിഷേധാർഹമാണ്. അടിയന്തിരമായി മോണിറ്ററിംഗ് കമ്മിറ്റികൂടി ഫണ്ട് ലാപ്സായിപ്പോകാതിരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായിട്ടാണ് കേന്ദ്ര പ്ളാനിംഗ് കമ്മീഷൻ അനുവദി ക്കുന്ന പണം ചെലവഴിക്കേണ്ടത്. ഒരു രൂപപോലും നഷ്ടപ്പെടാതെ കുറ്റമറ്റ രീതിയിൽ സമയബന്ധിതമായി പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ ശുഷ്ക്കാന്തിയോടുകൂടിയുള്ള നടപടികൾ സ്വീകരിക്കും. ഇതിനായി നാല് തരത്തിലുള്ള സമിതികളുണ്ട്. മുഖ്യമന്ത്രി ചെയർമാനായ സ്റ്റിയറിംഗ് കമ്മിറ്റി

ഒരു തവണ ചേർന്നു. ഈ കമ്മിറ്റി നയപരമായ കാര്യങ്ങളും സംഖ്യ അനുവദിക്കേണ്ട കാര്യങ്ങളുമാണ് തീരുമാനിക്കുന്നത്. പ്രധാനപ്പെട്ട വർക്കുകളുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നത് ചീഫ് സെക്രട്ടറി ചെയർമാനായ എമ്പവേർഡ് കമ്മിറ്റിയാണ്. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രോജക്ടുകൾ തയ്യാറാക്കുന്നത് പ്രിൻസിപ്പൽ സെക്രട്ടറി (റവന്യൂ ഡിപ്പാർട്ടുമെന്റ്) ഡയറക്ടറായിട്ടുള്ള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റാണ്. ഈ മൂന്ന് ബോഡികളും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് രൂപീകരിച്ചതാണ്. ഈ ഗവൺമെന്റ് വന്നശേഷം നാലാമത് രൂപീകരിച്ച ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും എം.എൽ.എ.മാരും എം.പി.മാരും അംഗങ്ങളായുമുള്ള കമ്മിറ്റിയുടെ കൺവീനർ ജില്ലാകളക്ടറാണ്. കുറച്ചുകൂടി സുതാര്യമായി കാര്യങ്ങളിൽ ഇടപെടാൻവേണ്ടി താഴെത്തട്ടിൽ ഉണ്ടാക്കിയതാണ് ഇത്. ക്യാബിനറ്റ് തീരുമാനമനുസരിച്ച് സെക്രട്ടേറിയറ്റിൽ സുനാമി സെൽ രൂപീകരിച്ച് ശ്രീ. ബേബി, ഐ.എ.എസ്.-നെ സെക്രട്ടറിയായി നിയമിച്ചു. ഇതിനുപുറമേ ജില്ലകളിലും മേഖലകളിലുംപോയി ഓരോ വർക്കും പരിശോധിച്ച് ഇംപ്ളിമെന്റ് ചെയ്ത് സഹായിക്കാൻ നിയോഗിച്ച പ്രഗൽഭരായ വിദഗ്ദ്ധരുടെ കൂട്ടത്തിൽ റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരുമുണ്ട്. അവർക്ക് കഴിഞ്ഞ ദിവസം അപ്പോയിന്റ്മെന്റ് ഓർഡർ കൊടുത്തുകഴിഞ്ഞു. അനുവദിച്ച് കിട്ടിയ സംഖ്യയിൽ 2007-2008-ൽ 670 കോടി രൂപയും 2008-2009-ൽ 680 കോടി രൂപയുമാണ് സംസ്ഥാനം ചെലവാക്കേണ്ടത്. അതിന്റെ പ്രോജക്ടാണ് തയ്യാറാക്കുന്നത്. ഇതിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ചയോ ശുഷ്ക്കാന്തിക്കുറവോ ഉണ്ടെങ്കിൽ അതിൽ ഇടപെട്ട് പരിഹരിക്കാനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്. അടുത്ത മാസം സംസ്ഥാനതല

സ്റ്റിയറിംഗ് കമ്മിറ്റി കൂടാമെന്ന് മുഖ്യമന്ത്രി അറിയിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ട് കൊടുത്തുതീർക്കാൻ കഴിയാത്ത പദ്ധതികൾക്കെല്ലാം ഇപ്പോൾ ഈ ഗവൺമെന്റ് തുക കൊടുത്തുകൊണ്ടിരിക്കുകയാണ്. സുനാമി ദുരന്തത്തിൽ മരണപ്പെട്ട 228 പേരുടെ കുടുംബങ്ങൾക്ക് സുനാമി ദുരന്തത്തിന്റെ രണ്ടാം വർഷത്തിൽ ഓരോ ലക്ഷം രൂപ കൂടി പ്രഖ്യാപിച്ചത് ആറാട്ടുപുഴയിൽവച്ച് ഏപ്രിൽ 13-ന് മുഖ്യമന്ത്രി വിതരണം ചെയ്യുന്നതാണ്. 1100 അംഗൻവാടികൾ നിർമ്മിക്കാൻ തീരുമാനിച്ചു. ഇതിനുപുറമേ പ്രധാനമന്ത്രിയുടെ സ്കീമിൽനിന്ന് 16 കോടി രൂപകൂടി അനുവദിച്ചു. ഇതിൽ നാല് പ്രധാനപ്പെട്ട പദ്ധതികൾ പ്രധാനമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. Prime Minister’s Child Assistance Scheme അനുസരിച്ച് അച്ഛനും അമ്മയും മരണപ്പെട്ട കുട്ടികളുടെ പേരിൽ 51,000 രൂപ വീതം ബാങ്കിൽ നിക്ഷേപിച്ച് പ്രതിമാസം 300 രൂപവച്ച് 18 വയസ്സുവരെ ലഭ്യമാക്കിയശേഷം മൊത്തം തുകയും അവർക്കുതന്നെ എടുക്കാവുന്നതാണ്. അത് തുടങ്ങാനാവശ്യമായ നടപടി എടുത്തുകഴിഞ്ഞു. Prime Minister’s Scholarship for Tsunami Affected Children എന്ന പദ്ധതി ജൂൺ മാസം മുതൽ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. സ്കൂളുകളുടേയും ആശുപത്രികളുടേയും അടിസ്ഥാന സൗകര്യ വികസന പദ്ധതിയും Insurance Scheme -ഉം അനുവദിച്ച് കിട്ടിയിട്ടുണ്ട്. 1.50 ലക്ഷം തീരദേശ കുടുംബങ്ങൾക്ക് ഈ സ്കീമിന്റെ ആനുകൂല്യം ലഭിക്കും. സുനാമി ദുരന്തവുമായി ബന്ധപ്പെട്ട് കിട്ടിയ പൈസ മുഴുവൻ അതുമായി ബന്ധപ്പെട്ട

തീരദേശങ്ങളിൽത്തന്നെ ചെലവഴിക്കും. അത് നല്ല രീതിയിൽ നടപ്പാക്കുന്നതിന് പ്രതിപക്ഷംകൂടി സഹകരിക്കണം. നിയമസഭാ സമ്മേളനം കഴിഞ്ഞാൽ ബന്ധപ്പെട്ട തീരദേശ എം.എൽ.എ.മാരെ വിളിച്ചുചേർത്ത് പദ്ധതി നടത്തിപ്പിൽ പോരായ്മകളുണ്ടെങ്കിൽ പരിഹരിച്ചുകൊണ്ട് സമയബന്ധിതമായി പൂർത്തിയാക്കാൻ ശ്രമിക്കുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻചാണ്ടി): 2006-07 സാമ്പത്തിക വർഷം സംസ്ഥാനത്ത് എത്ര രൂപ അലോട്ട് ചെയ്തു; അതിൽ ഏതൊക്കെ പദ്ധതികൾക്കുവേണ്ടി എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കണം.

ശ്രീ. കെ.പി. രാജേന്ദ്രൻ: 21.4 കോടി രൂപ കിട്ടിയതിൽ 18 കോടിയോളം രൂപ ചെലവഴിച്ചു. അതിൽ കണ്ണൂരിൽ തീരദേശ ജില്ലയുമായി ബന്ധപ്പെട്ട് കണ്ടൽക്കാട് വച്ചുപിടിപ്പിക്കുന്നതിന് ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ നാല് പ്രോജക്ടുകൾക്ക് അനുമതി കൊടുത്ത് കൃത്യമായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അതിൽ ഒരു വീഴ്ചയും സംഭവിച്ചിട്ടില്ല.

(2) വർക്കല പാപനാശത്തെ അനധികൃത കയ്യേറ്റം

ശ്രീ. വർക്കല കഹാർ: വർക്കല പാപനാശത്തെ കുന്നുകളും കായലോരവും വിദേശ മാഫിയകളുടേയും ബിനാമികളുടേയും കയ്യേറ്റത്തിന് വിധേയമാവുന്നതിനെതിരെ അതീവ ജാഗ്രത പുലർത്തി, അത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): തിരുവനന്തപുരം ജില്ലയിലെ വർക്കല പാപനാശത്ത് കുന്നുകളുടെ നിലനിൽപ്പ് അപകടപ്പെടും വിധത്തിൽ തുരങ്കങ്ങളുൾപ്പെടെ നിരവധി നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബീച്ചിന്റെ പ്രകൃതിഭംഗിക്ക്

കോട്ടംതട്ടുന്ന വിധത്തിലുള്ളതും അനധികൃതവും ടൂറിസം വികസനത്തിന് തടസ്സം നിൽക്കുന്നതുമായ നിർമ്മാണപ്രവർത്തനങ്ങൾ അനുവദിക്കാൻ കഴിയുകയില്ല. ഇത് നിയന്ത്രിക്കുന്നതിന് കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(3) മുട്ടത്തറ സ്വീവേജ് ഫാമിന്റെ ശോചനീയാവസ്ഥ

ശ്രീ. വി. സുരേന്ദ്രൻപിള്ള: തിരുവനന്തപുരം നഗരത്തിലുള്ള മൂന്ന് പമ്പിംഗ് സ്റ്റേഷനുകളിലേയും വേസ്റ്റ് വാട്ടർ പമ്പ് ചെയ്ത് വിടുന്നത് മുട്ടത്തറ സ്വീവേജ് ഫാമിലേയ്ക്കാണ്. 40 കൊല്ലം മുമ്പ് സ്ഥാപിച്ച Natural Treatment Plant –ലെ മലിനജലം പമ്പുചെയ്ത് മാറ്റുന്ന സിസ്റ്റം ആറ് കൊല്ലമായി പ്രവർത്തിക്കാത്തതുകൊണ്ട് മലിനജലം കെട്ടിനിൽക്കുന്ന അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം. കൂടാതെ രാത്രി സമയത്ത് ഹോട്ടലിലും മറ്റ് സ്ഥലങ്ങളിലും നിന്നുള്ള വേസ്റ്റ് സ്വീവേജ് ഫാമിൽ കൊണ്ടിടുന്നത് തടയാൻ ഇവിടത്തെ സെക്യൂരിറ്റി വിംഗ് ശക്തമാക്കണം. മലിനജലത്തിൽ ഇറങ്ങിനിന്ന് പണിയെടുക്കുന്ന ജീവനക്കാരുടെ പ്രയാസങ്ങൾ പരിഹരിക്കണം. ഈ മലിനജലം നന്നായി ട്രീറ്റ് ചെയ്യാൻ ആധുനിക രീതിയിലുള്ള ഉപകരണങ്ങൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): തിരുവനന്തപുരം നഗരത്തിലെ 5 ബ്ലോക്കുകളിൽനിന്ന് പമ്പ് ചെയ്യുന്ന മലിന ജലം സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ കൊണ്ടുവന്ന് ട്രീറ്റ് ചെയ്ത് പുറത്തുവിടുന്ന സംവിധാനമാണ് ഇപ്പോഴുള്ളത്. 3 ഏക്കറിൽ സ്ഥിതിചെയ്യുന്ന ഈ സ്വീവേജ് പ്ലാന്റിന്റെ സ്ഥലം ക്ഷീര വികസന വകുപ്പിന് പുൽ വളർത്തലുമായി ബന്ധപ്പെട്ട് പാട്ടത്തിന് നൽകിയിരിക്കുകയാണ്. പ്രസ്തുത പ്ലാന്റിന്റെ

സംസ്കരണ ശേഷിയിലധികമായ മലിനജലം ഇപ്പോൾ ഒഴുകി എത്തുന്നതുമൂലം പ്രശ്നങ്ങൾ രൂക്ഷമായിക്കൊണ്ടിരിക്കുന്നു. സംസ്കരണ ശേഷിയുടെ കുറവുമൂലം സമീപ പ്രദേശത്തുള്ള പാർവതീ പുത്തനാറിൽ ഈ അധിക മലിനജലം ഒഴുകി ഇറങ്ങുന്നതുമൂലം അവിടം മലിനമാകുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇതിന് ശാശ്വത പരിഹാരമായി ഒരു ആധുനിക സാങ്കേതിക ശേഷിയുള്ള സംസ്ക്കരണശാല സ്ഥാപിക്കുന്നതിനുള്ള സമഗ്രമായ പ്രോജക്ട് തയ്യാറാക്കി ധനസഹായം ലഭ്യമാക്കുന്നതിനായി ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അത് അംഗീകരിച്ച് കിട്ടിയാൽ തിരുവനന്തപുരം നഗരത്തെ മാലിന്യ വിമുക്തമാക്കുന്നതിന് സാധിക്കും. ഈ പ്രശ്നത്തിന് അടിയന്തിര പരിഹാരം നിർദ്ദേശിക്കാനായി ബന്ധപ്പെട്ട എം.എൽ.എ.മാരുടെ യോഗം മാർച്ച് മാസം 28-ന് വിളിച്ചുചേർക്കും.

## (4) അദ്ധ്യാപകർക്ക് അവാർഡുകൾ

ശ്രീ. എം. മുരളി: മികച്ച സേവനമനുഷ്ഠിക്കുന്ന അദ്ധ്യാപകർക്ക് ദേശീയ അദ്ധ്യാപക ദിനത്തോടനുബന്ധിച്ച് നൽകുന്ന ദേശീയ സംസ്ഥാന അവാർഡുകളിൽ വൊക്കേഷണൽ ഹയർ സെക്കന്ററിയിലേയും ഹയർ സെക്കന്ററിയിലേയും അദ്ധ്യാപകരെ ഉൾപ്പെടുത്തണം. കൂടാതെ സർവ്വകലാശാലകളിലേയും പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിലേയും അദ്ധ്യാപകരുടെ മികച്ച സേവനത്തിന് പ്രത്യേകമായ അംഗീകാരം നൽകി ദേശീയ അദ്ധ്യാപക ദിനത്തോടനുബന്ധിച്ച് അവാർഡുകൾ നൽകാനും ഗവൺമെന്റ് തയ്യാറാകണം.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി തലത്തിലും കോളേജ് തലത്തിലും സാങ്കേതിക വിദ്യാഭ്യാസ തലത്തിലും മികച്ച സേവനത്തിന് അദ്ധ്യാപകർക്ക് അവാർഡുകൾ നൽകുന്നതിന് അഖിലേന്ത്യാ തലത്തിൽ പരിഹാരം കണ്ടെത്തണമെന്ന ആവശ്യം സംസ്ഥാന ഗവൺമെന്റ് കേന്ദ്ര മാനവ വിഭവ ശേഷി വികസന വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതാണ്. മുഖ്യമന്ത്രിയുമായി ആലോചിച്ച് തീരുമാനിച്ചശേഷം കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയുടെ സ്മരണയ്ക്കുകൂടി അർഹമായ പരിഗണന നൽകാൻ കഴിയുന്ന വിധത്തിൽ ഇത്തരം അവാർഡ് ഏർപ്പെടുത്തുന്നതാണ്.

(5) ഗ്രാമീൺ വിദ്യുത് യോജന പദ്ധതിപ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടത് സംബന്ധിച്ച്

ശ്രീ. കെ.പി. മോഹനൻ: വൈദ്യുതി എത്താത്തിടത്ത് വൈദ്യുതി എത്തിക്കാനും വോൾട്ടേജ് ക്ഷാമം പരിഹരിക്കാനുമായുള്ള കേന്ദ്രഗവൺമെന്റിന്റെ ഗ്രാമീൺ വിദ്യുത് യോജന പദ്ധതി പ്രകാരം പെരിങ്ങളം നിയോജകമണ്ഡലത്തിലുൾപ്പെടെ ധാരാളം പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കാനുണ്ട്. കേന്ദ്ര ഗവൺമെന്റിൽനിന്നും ആദ്യ ഗഡു ലഭിച്ചുകഴിഞ്ഞ സാഹചര്യത്തിൽ ഉടൻ പ്രവൃത്തികൾ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): രാജീവ് ഗാന്ധി ഗ്രാമീൺ വിദ്യുത് യോജന പദ്ധതിയിൽ കണ്ണൂർ ജില്ലയിൽ 23 കോടി രൂപയുടെ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

പാത്തിക്കൽ, പള്ളിച്ചൽ, പാലേക്കണ്ടി പ്രദേശങ്ങളുടെ ഇലക്ട്രിഫിക്കേഷനുവേണ്ട എല്ലാ പ്രവൃത്തികളും എൻ.ടി.പി.സി. മുഖേനയാണ് നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് ഇത് സംബന്ധിച്ചുള്ള കരാർ 15-2-2007-ൽ ഒപ്പിട്ടിട്ടുണ്ട്. ഇതനുസരിച്ച് ഉടൻ പണി ആരംഭിക്കുന്നതാണ്.

(6) വൈക്കം പി.ഡബ്ല്യിയു.ഡി. റസ്റ്റ് ഹൗസ് ചരിത്രസ്മാരകമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. അജിത്: വേമ്പനാട് കായലിന്റെ ഓരത്തുള്ള പി.ഡബ്ല്യിയു.ഡി. റസ്റ്റ് ഹൗസ് 2003-ൽ നവാമി എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് പാട്ടത്തിന് കൊടുത്തപ്പോൾ 2004-ൽ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങണമെന്നായിരുന്നു കരാർ. ഇതുവരെ പണി പൂർത്തീകരിക്കാനോ നിർമ്മാണ പ്രവർത്തനം നടത്താനോ തുറന്ന് പ്രവർത്തിപ്പിക്കാനോ ആ സ്ഥാപനം മുൻകൈയെടുക്കുന്നില്ലെന്നു മാത്രമല്ല ഇപ്പോൾ ആ സ്ഥലം അനാശാസ്യ പ്രവർത്തനങ്ങളുടെ കേന്ദ്രമായും ഗുണ്ടാ സംഘങ്ങളുടെ താവളമായും മാറിയിരിക്കുന്നു. ചരിത്രപ്രാധാന്യമുള്ള ഈ സ്ഥാപനം തിരിച്ചെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ടി.യു. കുരുവിള): വൈക്കം പി.ഡബ്ല്യിയു.ഡി. റസ്റ്റ് ഹൗസ് 3-1-2003 മുതൽ 2-1-2033 വരെ 30 വർഷത്തെ പാട്ടത്തിനാണ് നൽകിയിട്ടുള്ളത്. കാലാകാലങ്ങളിൽ റിപ്പയർ ജോലികൾ ചെയ്ത് റസ്റ്റ് ഹൗസ് നടത്തിക്കൊണ്ടുപോകുന്നതിനുള്ള ഉടമ്പടിയാണ് വച്ചിട്ടുള്ളത്. കരാർ പ്രകാരം 3-4-2004-ന് പുതുക്കൽ നടപടികൾ ആരംഭിക്കേണ്ടതാണ്. ഓരോ മാസവും 3-ാം തീയതി പാട്ടക്കാരൻ പാട്ടത്തുക അടയ്ക്കണമെന്നാണ് വ്യവസ്ഥ. കരാർ പ്രകാരം 5

തവണകൾ അടയ്ക്കണമായിരുന്നെങ്കിലും ഇതുവരെ 2 തവണകൾ മാത്രമേ അടച്ചിട്ടുള്ളൂ. കുടിശ്ശിക വരുത്തിയ തുക കരാറുകാരനിൽനിന്നും ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. കരാർ റദ്ദാക്കി കുടിശ്ശിക സഹിതം ഈടാക്കുന്നതിനും റസ്റ്റ് ഹൗസ് തിരിച്ചെടുക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(7) <u>ഗവൺമെന്റ് നഴ്സിംഗ് കോളേജ്</u>

<u>ശ്രീ. കെ.വി. കുഞ്ഞിരാമൻ</u>: പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പരിമിതമായ കാസർകോട് ജില്ലയിൽ, ജില്ലാ ആശുപത്രി സ്ഥിതിചെയ്യുന്ന കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയോട് ചേർന്നുകിടക്കുന്ന, പുല്ലൂർപെരിയ പഞ്ചായത്തിൽ നാഷണൽ ഹൈവേയോട് ചേർന്നുകിടക്കുന്ന 8 ഏക്കർ സ്ഥലം നഴ്സിംഗ് കോളേജ് സ്ഥാപിക്കുന്നതിനായി ഡിപ്പാർട്ടുമെന്റിന് കൈമാറിയിട്ടുണ്ട്. അടുത്ത വർഷം നഴ്സിംഗ് കോളേജ് ആരംഭിക്കുകയാണെങ്കിൽ താൽക്കാലികമായി പ്രവർത്തിക്കാനാവശ്യമായ സംവിധാനവും സജ്ജീകരിച്ചിട്ടുണ്ട്. ഈ സാഹചര്യം പ്രയോജനപ്പെടുത്തി കാസർകോട് ജില്ലയിൽ അടിയന്തിരമായി ഒരു നഴ്സിംഗ് കോളേജ് സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ</u>): കേരളത്തിൽ നഴ്സിംഗ് കോളേജുകളില്ലാത്ത എല്ലാ ജില്ലകളിലും സർക്കാർ മേഖലയിലോ അല്ലെങ്കിൽ ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. പോലെയുള്ള സൊസൈറ്റി രൂപീകരിച്ചോ നഴ്സിംഗ് കോളേജ് ആരംഭിക്കുന്ന കാര്യം ആലോചിക്കുന്നതാണ്. കാസർകോട്

ജില്ലയിൽ അടുത്ത വർഷം നാഷണൽ ഹൈവേയോട് ചേർന്നുകിടക്കുന്ന 8 ഏക്കർ സ്ഥലം വിട്ടുതരുകയാണെങ്കിൽ നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് സജീവ പരിഗണന നൽകുന്നതാണ്.

(8) ബൗദ്ധിക സ്വത്തവകാശ നയം പ്രഖ്യാപിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. വി.ഡി. സതീശൻ: ഒരു ഇന്റലക്ച്വൽ പ്രോപ്പർട്ടി മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച് അതിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തു നടക്കുന്ന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കണം. സർക്കാർ ഡിപ്പാർട്ടുമെന്റുകളിലെ പുതിയ സംവിധാനങ്ങളായ സോഫ്റ്റ്വെയർ പ്രോഗ്രാം, ഓപ്പറേഷണൽ ഡിവൈസസ് തുടങ്ങിയവ സംരക്ഷിച്ച് രഹസ്യങ്ങൾ സൂക്ഷിക്കുന്നതിനും മാനുഫാക്ചറിംഗ് രംഗത്തെ ഗവേഷണങ്ങളും മറ്റും പ്രോൽസാഹിപ്പിക്കുന്നതിനും സംസ്ഥാനത്തിനകത്ത് ആരോഗ്യകരമായ മത്സരമുണ്ടാക്കി സാങ്കേതിക വിദ്യ നവീകരിച്ച് സമ്പദ്‌വ്യവസ്ഥയെ മെച്ചപ്പെടുത്തുന്നതിനും ഒരു ബൗദ്ധിക സ്വത്തവകാശ നയം പ്രഖ്യാപിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സിദ്ധ, ആയുർവേദ വിധിപ്രകാരമുള്ള ചികിത്സാ രീതികൾ, നാട്ടറിവുകൾ, പൈതൃക സ്വത്തുക്കൾ എന്നിവ സംരക്ഷിക്കുന്നതിന് സംസ്ഥാനത്തിന് പ്രത്യേകമായി ഒരു ബൗദ്ധിക സ്വത്തവകാശ നിയമം ഉണ്ടാക്കേണ്ടത് അനിവാര്യമാണ്. ഇതിലേയ്ക്കായി സമഗ്രമായ ഒരു നയം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. വിശദമായ ചർച്ചകൾക്കും പഠനങ്ങൾക്കുംശേഷം ബൗദ്ധിക സ്വത്തവകാശ ദിനമായ 2007 ഏപ്രിൽ 26-നുതന്നെ ഇത്തരത്തിലുള്ള ഒരു കരട് ബൗദ്ധിക സ്വത്തവകാശ നയം പ്രഖ്യാപിക്കുന്നതാണ്.

## (9) കാർഷിക സർവ്വകലാശാല ജീവനക്കാരുടേയും വിദ്യാർത്ഥികളുടേയും നിയമസഭാമാർച്ച്

ശ്രീ. സി.കെ.പി. പത്മനാഭൻ: കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് ജനാധിപത്യ സംവിധാനങ്ങൾ മറികടന്ന് കേരള കാർഷിക സർവ്വകലാശാലയിൽ നിലനിന്നിരുന്ന 97 അംഗ കൗൺസിലിനെ പിരിച്ചുവിട്ട് 49 അംഗ കൗൺസിൽ രൂപീകരിച്ചതിനെത്തുടർന്ന് കാർഷിക ഗവേഷണ കൗൺസിലിന്റെ അംഗീകാരം തന്നെ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായിരിക്കുകയാണ്. നിലവിലുള്ള കൗൺസിൽ പിരിച്ചുവിട്ട് തെരഞ്ഞെടുക്കപ്പെട്ട കൗൺസിൽ അടിയന്തിരമായി രൂപീകരിച്ച് ജനാധിപത്യ സ്വഭാവം വീണ്ടെടുക്കാനും ഈ സർവ്വകലാശാലയുടെ പ്രവർത്തനത്തെക്കുറിച്ച് അന്വേഷിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കാർഷിക സർവ്വകലാശാലയിലുണ്ടായിട്ടുള്ള പിഴവുകളും ന്യൂനതകളും വിശദമായി പഠിക്കുന്നതിനും പരിഹാരം കാണുന്നതിനും ഒരു ഏകാംഗ കമ്മീഷനെ നിയമിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഈ സർവ്വകലാശാലയുടെ ജനാധിപത്യ ഘടനയെക്കുറിച്ചുള്ള പരാതി ഈ കമ്മീഷന്റെ അന്വേഷണപരിധിയിൽ കൊണ്ടുവന്ന് പരിഹാരം കാണുന്നതാണ്.

## (10) ബധിരർക്ക് ഉന്നത വിദ്യാഭ്യാസത്തിന് അവസരം

ശ്രീ. ബാബു എം. പാലിശ്ശേരി: ഗവൺമെന്റ് തലത്തിൽ: വി.എച്ച്.എസ്.ഇ., പ്ളസ് ടു മേഖലകളിൽ ഒതുങ്ങി നിൽക്കുന്ന കേരളത്തിലെ ബധിരരുടെ

ഉന്നത വിദ്യാഭ്യാസം പി.ജി., പോളിടെക്നിക് തുടങ്ങിയ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കാനും തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സൗകര്യം ഏർപ്പെടുത്താനും ആവശ്യമായ നടപടി സ്വീകരിക്കണം. കുന്നംകുളത്തെ ബധിര വിദ്യാഭ്യാസ സ്ഥാപനത്തിൽ ഉന്നത വിദ്യാഭ്യാസ കോഴ്സുകൾ ആരംഭിക്കുകയും അവിടെ ഒരു പോളിടെക്നിക്ക് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ ബേബി): ഈ വിഭാഗത്തിൽപ്പെട്ടവർക്ക് 3 ശതമാനം സംവരണം സർക്കാർ സ്ഥാപനങ്ങളിലും സർക്കാർ ഗ്രാന്റ് നല്കുന്ന പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇപ്പോൾ നൽകുന്നുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തും കോഴിക്കോടും പ്രവർത്തിക്കുന്ന കേന്ദ്രങ്ങളിൽ ഇവർക്ക് ഡിപ്ളോമ ഇൻ കംപ്യൂട്ടർ ഹാർഡ്വെയർ, ഡിപ്ളോമ ഇൻ കംപ്യൂട്ടർ ആപ്ളിക്കേഷൻ തുടങ്ങിയ കോഴ്സുകളിൽ പരിശീലനം നൽകി വരുന്നുണ്ട്. ഇതിനുപുറമെ സർക്കാരിന്റെ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്പീച്ച് ആന്റ് ഹിയറിംഗ് എന്ന സ്ഥാപനത്തിലും പരിശീലനം നൽകുന്നുണ്ട്. കുന്നംകുളത്ത് പോളിടെക്നിക്ക് തുടങ്ങുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

### (11) കണ്ണൂർ തോട്ടട ഐ.ടി.ഐ–ലെ പ്രബീഷ് എന്ന വിദ്യാർത്ഥി റാഗ് ചെയ്യപ്പെട്ട സംഭവം

ശ്രീ. കെ. സുധാകരൻ: കഴിഞ്ഞ വ്യാഴാഴ്ച കണ്ണൂർ ഐ.ടി.ഐ–ൽ റാഗ് ചെയ്യപ്പെട്ടതിനെത്തുടർന്ന് ഗുരുതരമായി പരിക്കേറ്റ പ്രബീഷ് എന്ന

വിദ്യാർത്ഥി ചികിൽസയിലാണ്. റാഗിംഗിന്റെ പേരിൽ നടന്നത് കൊലപാതക ശ്രമമായതിനാൽ കൊലപാതക ശ്രമത്തിനുള്ള വകുപ്പുകൾ ചേർത്ത് കേസ്സെടുക്കണം. ആ സ്ഥാപനത്തിലെ പ്രിൻസിപ്പാൾപോലും ഭയപ്പെടുന്ന ഒരു സംഘം വിദ്യാർത്ഥികളാണ് ഇത് ചെയ്തത്. അവരെ ഈ സ്ഥാപനത്തിൽനിന്ന് പുറത്താക്കണം. ഈ സംഭവത്തിന് ഉത്തരവാദികളായവരെ അറസ്റ്റ് ചെയ്യണം. ഈ പാവപ്പെട്ട കുട്ടിക്ക് ചികിൽസയ്ക്കാവശ്യമായ ധനസഹായം നൽകണം.

ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u> : കണ്ണൂർ ജില്ലയിലെ എടക്കാട് പോലീസ് സ്റ്റേഷൻ അതിർത്തിയിലെ തോട്ടട ഗവൺമെന്റ് ഐ.ടി.ഐ-ൽ പഠിക്കുന്ന എം.കെ. പ്രബീഷ് എന്ന ഒന്നാം വർഷ ടർണർ വിദ്യാർത്ഥി മാർച്ച് 15-ാം തീയതി പതിനഞ്ചോളം വരുന്ന ഒന്നും രണ്ടും വർഷ വിദ്യാർത്ഥികൾ ഐ.ടി.ഐ ആഡിറ്റോറിയത്തിൽ വച്ച് ഫൈൻ ആർട്സ് ഫെസ്റ്റിവൽ നടക്കുന്ന സമയത്ത് ക്രൂരമായി റാഗ് ചെയ്യപ്പെട്ട് കണ്ണൂർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ ചികിൽസയിലാണ്. ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരവും പ്രിവൻഷൻ ഓഫ് റാഗിംഗ് ആക്റ്റ് 4-ാം വകുപ്പ് പ്രകാരവും എടക്കാട് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. അന്വേഷണത്തിൽ 7 പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ട്. മറ്റുള്ളവർ ഒളിവിലാണ്. കേസ്സ് അന്വേഷണം ഇപ്പോൾ എടക്കാട് എസ്.ഐ. ആണ് നടത്തിവരുന്നത്. ഈ സംഭവത്തെ സംബന്ധിച്ച് കണ്ണൂർ എസ്.പി.ക്ക് പ്രത്യേകമായി നിർദ്ദേശം നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഇത്തരം കാടത്തം ഒരു കാരണവശാലും അനുവദിക്കുന്നതല്ല. ഇക്കാര്യത്തിൽ വിദ്യാർത്ഥി

സംഘടനകളെ ബോധവൽക്കരിക്കുന്നതിന് സർക്കാർ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(12) <u>മൂലത്തറ ആർ.ബി. കനാൽ വേലാന്താവളം വരെ നീട്ടൽ</u>

<u>ശ്രീ. കെ. അച്ചുതൻ:</u> ചിറ്റൂർപുഴയുടെ മൂലത്തറ ആർ.ബി. കനാൽ വേലാന്താവളം വരെ നീട്ടുന്നതിനും തമിഴ്നാട്ടിൽ നിന്നും ലഭിച്ചു കൊണ്ടിരിക്കുന്ന വെള്ളം പെട്ടെന്ന് കുറഞ്ഞതിന്റെ ഫലമായി അവിടെയുള്ള ആയിരക്കണക്കിന് ഏക്കർ കൃഷി നശിക്കാതിരിക്കുന്ന തിനുമാവശ്യമായ നടപടി സ്വീകരിക്കണം. തമിഴ്നാട്ടിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശിക വെള്ളം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും കനാൽ വേലാന്താവളം വരെ നീട്ടുന്നതിന് സൗജന്യമായി ഭൂമി ലഭ്യമായിരിക്കുന്ന സാഹചര്യത്തിൽ വരട്ടയാർ വരെയുള്ള പ്രവൃത്തി എത്രയും പെട്ടെന്ന് നടത്തുന്നതിനാവശ്യമായ നടപടിയും സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ)</u> തമിഴ്നാട്ടിൽ നിന്നും കേരളത്തിന് അർഹതപ്പെട്ട 7.25 ടി.എം.സി. വെള്ളവും കുടിശ്ശിക വെള്ളവും ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ആർ.ബി. കനാൽ വരട്ടയാർ വരെ ദീർഘിപ്പിക്കുന്ന നിർമ്മാണ പ്രക്രിയ പൂർത്തീകരിച്ചുകൊണ്ട് അടുത്ത മാസത്തിൽ കനാലിന്റെ ഔപചാരികമായ ഉത്ഘാടനം നടത്തുന്നതാണ്.

(13) <u>കഞ്ചിക്കോട്ടെ ഇരുമ്പുരുക്ക് ഫാക്ടറികൾ സൃഷ്ടിക്കുന്ന മലിനീകരണ പ്രശ്നങ്ങൾ</u>

<u>ശ്രീ. എം. ചന്ദ്രൻ</u>: പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിബന്ധനകൾ പാലിക്കാതെ മനുഷ്യജീവന് ഭീഷണി ഉയർത്തുന്നതും മറ്റു സംസ്ഥാനങ്ങളിൽ അനുമതി നിഷേധിച്ചതിനെത്തുടർന്ന് കഞ്ചിക്കോട്ട്

പ്രവർത്തിക്കുന്നതുമായ 36 ഇരുമ്പുരുക്ക് ഫാക്ടറികൾ അടച്ചുപൂട്ടാനും ആ ഫാക്ടറികളിൽ പണിയെടുക്കുന്ന തൊഴിലാളികളെ സംരക്ഷിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): പാലക്കാട് ജില്ലയിൽ സ്റ്റീൽ കമ്പനികളും അനുബന്ധ യൂണിറ്റുകളുമായി പ്രവർത്തിക്കുന്ന 52 –ഓളം വ്യവസായങ്ങളിൽനിന്ന് പുറംതള്ളുന്ന പാഴ്‌വാതകവും പൊടിയും മൂലമുണ്ടാകുന്ന മലിനീകരണത്തെ സംബന്ധിച്ച് പി.സി.ബി. വിശദമായ പഠനം നടത്തുകയും അവ തടയുന്നതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് കമ്പനി അധികൃതർക്ക് കർശനമായ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പി.സി.ബി.യുടെ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പാക്കാത്ത യൂണിറ്റുകൾ തുറന്നു പ്രവർത്തിപ്പിക്കാൻ സർക്കാർ അനുവദിക്കുന്നതല്ല.

(14) കേടായ പമ്പുസെറ്റുകൾ മാറ്റി സ്ഥാപിക്കൽ

ശ്രീ. എം.എം. മോനായി: കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിലെ കാലപ്പഴക്കം ചെന്ന പമ്പുകളും മോട്ടോറുകളും മാറ്റിസ്ഥാപിക്കാനും അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ ഫണ്ട് എക്സിക്യൂട്ടീവ് എൻജിനീയർ തലത്തിൽ ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിലെ 40 വർഷത്തിലേറെ പഴക്കമുള്ള മുഴുവൻ പമ്പുസെറ്റുകളും മോട്ടോറുകളും മാറ്റി പുതിയവ സ്ഥാപിക്കുന്നതിനും പ്രവർത്തനക്ഷമമല്ലാത്തവ റിപ്പെയർ ചെയ്യുന്നതിനും സമഗ്രമായ പദ്ധതി തയ്യാറാക്കിവരികയാണ്. അടുത്ത സാമ്പത്തിക വർഷം

ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പണികൾ നടത്തുന്നതാണ്. അത്യാവശ്യമുള്ള പണികൾക്ക് എക്സിക്യൂട്ടീവ് എൻജിനീയർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ട്.

(15) ഫറോക്ക് പഞ്ചായത്ത് സമിതിയുടെ സെക്രട്ടേറിയറ്റ് മാർച്ച്

ശ്രീ. എ.പി. അനിൽകുമാർ: യു.ഡി.എഫ് ഭരണകാലത്ത് അനുവദിച്ച ജലനിധി പദ്ധതി നടപ്പാക്കണമെന്നാവശ്യപ്പെട്ട് ഫറോക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡൻറും ജനപ്രതിനിധികളും ജനങ്ങളും ഉൾപ്പെടെ ഇന്ന് സെക്രട്ടേറിയറ്റ് മാർച്ച് നടത്തുകയാണ്. മൂന്ന് ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന ഫറോക്ക് ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം രൂക്ഷമാണ്. ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി 6000 കുടുംബങ്ങൾക്ക് ഗുണം ലഭിക്കുന്ന രീതി യിൽ ഗ്രാമപഞ്ചായത്ത് ഉപഭോക്തൃ വിഹിതം പിരിച്ചെടുത്ത് ആവശ്യമായ പണം വകയിരുത്തിയിട്ടുണ്ട്. അതുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): കോഴിക്കോട് ജില്ലയിലെ ഫറോക്ക് പഞ്ചായത്തിൽ ശുദ്ധജലവിതരണമെത്തിക്കുന്നതിന് 2003-ൽ ഒരു പദ്ധതിക്ക് രൂപം നൽകുകയും ഇത് നടപ്പിലാക്കുന്നതിൽനിന്ന് 2004-ൽ കെ.ആർ.ഡബ്ല്യൂ.എസ്.എ. പിൻവാങ്ങുകയുമുണ്ടായി. പിന്നീട് ഗവേണിംഗ് കൗൺസിൽ യോഗത്തിൽ ഇത് പുനരാരംഭിക്കാൻ തീരുമാനമെടു ത്തെങ്കിലും വേണ്ടത്ര ഉപഭോക്തൃ വിഹിതവും പഞ്ചായത്ത് വിഹിതവും സമാഹരിക്കാൻ കഴിയാത്തതുകൊണ്ട് പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ല. ജനപ്രതിനിധികളുടെ യോഗം വിളിച്ച് പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2007-ൽ

പൂർത്തീകരിക്കേണ്ട ഈ പദ്ധതിക്ക് സർപ്ലസ് വരുമെന്ന് പ്രതീക്ഷിക്കുന്ന 6 കോടി രൂപയ്ക്ക് ആര് ഗ്യാരന്റി നൽകും എന്നതിനെക്കുറിച്ച് വ്യക്തത ഇല്ല. ഗുണഭോക്തൃ വിഹിതവും പഞ്ചായത്ത് വിഹിതവും യഥാസമയം പ്രോജക്ട് അക്കൗണ്ടിൽ നിക്ഷേപിക്കാൻ കഴിയാത്ത സാഹചര്യത്തിൽ, കെ.ആർ. ഡബ്ല്യൂ.എസ്.എ. ഈ പദ്ധതിയുമായി മുന്നോട്ടുപോകുന്നത് വിഷമമാണെന്ന് ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

## (16) കണ്ണൂർ തിരുവേപ്പതി കോട്ടൺമില്ലിലെ തൊഴിലാളികൾക്ക് ആനുകൂല്യം ലഭ്യമാക്കൽ

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: അഞ്ഞൂറിലെറെ തൊഴിലാളികൾ പണിയെടുക്കുന്ന കണ്ണൂർ ജില്ലയിലെ തിരുവേപ്പതി കോട്ടൺ മിൽ കഴിഞ്ഞ 9 വർഷമായി പൂട്ടിക്കിടക്കുകയാണ്. കമ്പനിയുടെ സ്ഥലം വിറ്റ് ജീവനക്കാർക്ക് ആനുകൂല്യം നൽകാമെന്ന് മാനേജ്മെന്റ് സമ്മതിച്ച് ധാരണയായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികളുടെ ആനുകൂല്യം എത്രയുംവേഗം ലഭ്യമാക്കുന്നതിന് നടപടി ഉണ്ടാകണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): അടച്ചുപൂട്ടിയ തിരുവേപ്പതി കോട്ടൺമിൽ ബി.ഐ.എഫ്.ആർ.-ന്റെ നിർദ്ദേശപ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ച് 7.9 കോടി രൂപയ്ക്ക് പൊതുലേലത്തിൽ വിറ്റിരിക്കുന്നതായി കണ്ണൂർ ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ അറിയിച്ചിട്ടുണ്ട്, സ്ഥിരീകരണ റിപ്പോർട്ട് കിട്ടിയിട്ടില്ല. ഈ സ്ഥാപനത്തിലെ തൊഴിലാളികളുടെ യോഗം വിളിച്ച് അവരുടെ ആനുകൂല്യങ്ങൾക്ക് തീരുമാനമുണ്ടാക്കാൻ നടപടി കൈക്കൊള്ളുകയും ഒത്തുതീർപ്പുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ലേലത്തുക ഉപയോഗിച്ച് ബാദ്ധ്യതകൾ തീർക്കാൻ മാനേജ്മെന്റ് ശ്രമം

നടത്തിവരികയാണെന്ന് അറിയുന്നു. തൊഴിലാളികളുടെ ബാദ്ധ്യത ആദ്യം കൊടുത്തു തീർക്കാൻ സർക്കാർ ഇടപെടൽ നടത്തുന്നതാണ്.

(17) സ്വന്തം കുടിലിൽ മകനെ അടക്കം ചെയ്യേണ്ടിവന്ന ഗോപാലന്റെ കുടുംബത്തിന് സഹായം

ശ്രീ. എൻ. രാജൻ: കിളിമാനൂർ പഴയകുന്നുമ്മൽ പഞ്ചായത്തിൽ വാടയിൽ വീട്ടിൽ ഗോപാലന്റെ മകൻ മുരളി 7 വർഷത്തെ ഹൃദ്രോഗ ചികിത്സയ്ക്കുശേഷം മരണപ്പെട്ടു. വർഷങ്ങൾക്കുമുമ്പ് കുടികിടപ്പായി കിട്ടിയ കുടിലിൽ നാല് കുടുംബങ്ങളാണ് താമസിക്കുന്നത്. മുരളി താമസിച്ചിരുന്ന ചരിപ്പ് പൊളിച്ചുമാറ്റി അയാളുടെ ശവമടക്കൽ നടത്തിയിരിക്കുകയാണ്. അവർക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിന് പട്ടികസമുദായക്ഷേമവകുപ്പ് വഴിയുള്ള സഹായം ലഭ്യമാക്കണം. ഇപ്പോൾ പഞ്ചായത്തുകൾ വഴി ഗ്രാമ സഭകളാണ് ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഈ വർഷത്തെ ഫണ്ടിൽ തിരിമറി നടത്തിയതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ ലിസ്റ്റ് തടഞ്ഞുവച്ചിരിക്കുകയാണ്. അതുകൊണ്ട് ഡിപ്പാർട്ട്മെന്റ് ഇടപെട്ട് എത്രയുംപെട്ടെന്ന് ഭൂമി വാങ്ങി വീടുവയ്ക്കുന്നതിന് സഹായവും ആ കുടുംബത്തിന് ഒരു മാസത്തെ സൗജന്യറേഷനും ലഭ്യമാക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): മരണപ്പെട്ട മുരളിയുടെ മൃതദേഹം വീട്ടുവളപ്പിലാണ് സംസ്ക്കരിച്ചത്. 2006-07 വർഷത്തെ പട്ടികജാതി വികസന വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂമിക്കുവേണ്ടി അപേക്ഷ നൽകിയിരുന്നെങ്കിലും നറുക്കെടുപ്പിൽ ഇയാൾക്ക് ഭൂമി ലഭിച്ചില്ല. പുനരധിവാസ

പദ്ധതിപ്രകാരം 3 സെന്റ് സ്ഥലത്തിന് 25,000 രൂപയും വീടിന് 75,000 രൂപയും വച്ച് 4 കുടുംബങ്ങൾക്കും കൊടുക്കാവുന്നതാണ്. അർഹതപ്പെട്ട വർക്കുതന്നെയാണോ ഈ സഹായധനം കിട്ടുന്നതെന്ന് ഉറപ്പാക്കാനായി ഇക്കാര്യം തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്ന താണ്. ആ കുടുംബത്തിലെ ആർക്കെങ്കിലും ചികിത്സയ്ക്കോ മറ്റോ പണം ആവശ്യമായി വന്നാൽ അപേക്ഷിച്ചാൽ കൊടുക്കുന്നതാണ്.

## റിപ്പോർട്ട് സമർപ്പണം:

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ വാളയാർ ചെക്ക്പോസ്റ്റിന്റെ നവീകരണം സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ ഇരുപത്തി യൊന്ന് മുതൽ മുപ്പത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സംബന്ധിച്ച സമിതിയുടെ ഒൻപത് മുതൽ പതിനാല് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## ക്രമപ്രശ്നം

### നിയമസഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ പുറത്ത് പ്രഖ്യാപനം നടത്തുന്നത് സംബന്ധിച്ച്

ശ്രീ. കെ.സി. വേണുഗോപാൽ: സുനാമി ഫണ്ട് വിനിയോഗം സംബന്ധിച്ച് വിജയനുണ്ണി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്ന നടപടിയെ സംബന്ധിച്ച് നിയമസഭയിൽ വ്യക്തമാക്കുമെന്ന് മുഖ്യമന്ത്രി എല്ലാ പത്ര ദൃശ്യ മാധ്യമങ്ങളിലൂടെ പ്രഖ്യാപിക്കുകയും

വാർത്താസമ്മേളനം നടത്തുകയുമുണ്ടായി. നിയമസഭ സമ്മേളിച്ചു കൊണ്ടിരിക്കുമ്പോൾ പുറത്ത് ഇത്തരം പ്രഖ്യാപനങ്ങൾ നടത്തുന്നുത് സഭ യോടുള്ള അവഹേളനമാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകണം.

മി. സ്പീക്കർ: ഇതു സംബന്ധിച്ച നോട്ടീസ് മുഖ്യമന്ത്രിക്ക് കൈമാറിയിട്ടുണ്ട്. റൂളിംഗ് പിന്നീട് നൽകുന്നതാണ്

## നിയമനിർമ്മാണകാര്യം

### 2007-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) 2007-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങൾ വിശദീകരിക്കുന്ന സ്റ്റേറ്റ്മെന്റും മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) 2007-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ തോമസ് ഐസക്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ.എം. മാണി: ഈ ബില്ലിലെ പല വ്യവസ്ഥകളും ഭരണഘടനാ വിരുദ്ധമാണ്. ദേവസ്വം ബോർഡിൽ അഴിമതിയുണ്ടെങ്കിൽ അത് ദുരീകരിച്ച് അതിന്റെ പ്രവർത്തനം സുതാര്യമാക്കണം. ഈ ബില്ലിലെ ക്ളോസ് 3, 1950-ലെ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ടിലെ 4(1) ഭേദഗതി ചെയ്യാൻ വേണ്ടിയുള്ളതാണ്. "ബോർഡിൽ മൂന്ന് ഹിന്ദു അംഗങ്ങൾ ഉൾപ്പെടുന്നതും അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടിക ഗോത്രവർഗ്ഗത്തിലോപെടുന്ന ആളുമായിരിക്കേണ്ടതാണെ"ന്നുള്ള ക്ളാരിഫിക്കേഷൻ കവനന്റിനു എതിരായതുകൊണ്ട് അത് നിലനിൽക്കുന്നതല്ല. സാമൂഹ്യ നീതിക്കുവേണ്ടി ഭേദഗതി എന്നുള്ളരീതിയിൽ ഒരു പുതിയ വകുപ്പു കൊണ്ടുവരുന്നത് ഭരണഘടനാവിരുദ്ധമാണ്. ക്ളോസ് 13-ൽ റിക്രൂട്ട്മെന്റിനെ സംബന്ധിച്ച് പറഞ്ഞിരിക്കുന്ന വ്യവസ്ഥകളും ഭരണഘടനാ വിരുദ്ധമാണ്. ദേവസ്വം ബോർഡിന്റെ റിക്രൂട്ട്മെന്റ് പി.എസ്.സി.യുടെ റൂൾ അനുസരിച്ച് അഡീഷണൽ ഫംഗ്ഷൻസ് ആയിട്ട് കൊടുക്കുന്നതിന് നിയമതടസ്സമുണ്ട്. കേരള നിയമസഭയിൽ ബിൽ കൊണ്ടുവന്ന് നിയമനിർമ്മാണം നടത്തി നിയമമാക്കിയേ അഡീഷണൽ ഫംഗ്ഷൻസ് കൊടുക്കാൻ പറ്റൂ. ക്ളോസ് 16-ൽ '34 എ' എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ - ഒരു പുതിയ കമ്മിഷനെ ഇതിനുവേണ്ടി നിയമിക്കുന്നു എന്നു പറയുന്നതും പരസ്പര വിരുദ്ധമാണ്. 1950-ലെ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ടിലെ വകുപ്പനുസരിച്ച്

ഹൈക്കോടതിയിലെ ഒരു ജഡ്ജിക്ക് സ്വമേധയാ ദേവസ്വം ബോർഡിനെപ്പറ്റിയുള്ള പരാതി കേൾക്കാം. ഹിന്ദു കമ്മ്യൂണിറ്റിയിലെ ഏതൊരു വ്യക്തിക്കും അതുസംബന്ധിച്ച് ഹൈക്കോടതിയിൽ പരാതി കൊടുക്കാം എന്നുള്ള നിയമം നിലവിലിരിക്കെ ഒരു പുതിയ കമ്മീഷനെ ഇതിനുവേണ്ടി നിയമിക്കുന്നു എന്നുപറയുന്നത് നിയമവിരുദ്ധമാണ്. റിപ്പീൽ ചെയ്യുന്നു എന്നുപറയാതെ പരസ്പരവിരുദ്ധമായ രണ്ട് നിയമങ്ങൾ നിലനിൽക്കുന്നത് ഭരണഘടനാവിരുദ്ധമാണ്. റൂൾസ് ഓഫ് പ്രൊസീഡ്യുവറിലെ 73-ാം വകുപ്പ് അനുസരിച്ച് ഓരോ വകുപ്പിലേയും റെക്കറിംഗ് ആന്റ് നോൺ റെക്കറിംഗ് ചെലവുകളുടെ എസ്റ്റിമേറ്റ് പറഞ്ഞിരിക്കണമെന്നുണ്ട്. ഒരു കമ്മീഷനെ വയ്ക്കുന്നു എന്നുമാത്രമേ ഇവിടെ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുള്ളൂ. ഒരു കമ്മീഷനെ നിയമിക്കണമെങ്കിൽ ചെലവു വരാം. അതിനുവേണ്ടി ഒരു രൂപയും ഫിനാൻസ് മെമ്മേറാണ്ടത്തിൽ വച്ചിട്ടില്ല എങ്കിൽ റൂളിനു വിരുദ്ധമാണ്. അത് മാറ്റി എഴുതണം. ക്ളോസ് 14-ൽ ടെംപിൾ അഡ്വൈസറി കമ്മിറ്റി രൂപീകരിക്കാൻ ഒരു വകുപ്പു ചേർത്തിരിക്കുന്നു. അത് പ്രത്യേകമായിട്ട് കാണിക്കണം. ഈ പറഞ്ഞ വ്യവസ്ഥകൾ ഭരണഘടനയ്ക്കും കവനന്റിനും ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിനും എതിരാണ്. ഇക്കാര്യങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിക്കുശേഷം ചെയറിന്റെ റൂളിംഗ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : ദേവസ്വം ബോർഡുകൾ അസാധാരണമാംവിധം അഴിമതികൾ നടത്തിയതിന്റെ ഫലമായി കേരളീയരുടെ വിശ്വാസ ജീവിതത്തിലും

സമൂഹത്തിലും ഉണ്ടായ പ്രശ്നങ്ങൾ തീർന്ന ഒരനുഭവമാണ് ഓർഡിനൻസ് വഴി ഉണ്ടായിട്ടുള്ളത്. ഇത് സംബന്ധിച്ച നിയമം ഉടൻതന്നെ നിയമസഭയിൽ അവതരിപ്പിക്കേണ്ടത് ഗവണ്മെന്റിന്റെ ഭരണഘടനാപരമായ ചുമതലയും പൗരബോധവുമാണ് തെളിയിക്കുന്നത്. പ്രതിപക്ഷം ഈ നിയമത്തിന്റെ ഉദ്ദേശശുദ്ധിയെ അംഗീകരിക്കുന്നു എന്നുപറയുകയും നിയമത്തിൽ ഭരണഘടനാപരമായ എന്തോ പ്രശ്നമുണ്ടെന്നു വരുത്തി അത് തടയാൻ ശ്രമിക്കുകയും ചെയ്യുന്നത് ദൗർഭാഗ്യകരമാണ്. ഇവിടെ വന്ന ഒരു വിമർശനം ഹൈക്കോടതിയുടെ നിർദ്ദേശം അനുസരിച്ച് നടക്കുന്ന ആഡിറ്റിനെപ്പറ്റിയാണ്. ഹൈക്കോടതി ആഡിറ്റ് ചെയ്ത് ബോർഡിന് അയയ്ക്കുന്ന റിപ്പോർട്ടിന്റെ ഒരു കോപ്പിയാണ് ഗവണ്മെന്റ് ചോദിച്ചത്. അതിനെപ്പറ്റി എന്തെങ്കിലും സംശയം ഉണ്ടെങ്കിൽ അത് ചർച്ച ചെയ്ത് ദൂരീകരിക്കാം. ബോർഡിന്റെ ആരോപണങ്ങളിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു ജുഡീഷ്യൽ കമ്മീഷനെ വയ്ക്കണമെന്ന ഉറച്ച നിലപാടാണ് ഗവണ്മെൻറിനുള്ളത്. കോടതിയെ പൂർണ്ണമായും വിശ്വാസത്തിലെടുത്തുകൊണ്ടാണ് കമ്മീഷനെ വയ്ക്കുന്നത്. ദേവസ്വം നിയമങ്ങളിൽ അടിസ്ഥാനപരവും കാലോചിതവുമായ മാറ്റം അടിയന്തിരമായി വരുത്തണമെന്ന് ബഹുമാനപ്പെട്ട കോടതി ഈ ഗവണ്മെന്റിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ നിയമത്തിന്റെ ഏറ്റവും സവിശേഷമായ ഒരു ഭാഗമാണത്. കവനന്റ് അറ്റാക്ക് ചെയ്യുന്ന ഒന്നും ഈ നിയമത്തിൽ വച്ചിട്ടില്ല. ബോർഡിൽ 60 വയസ്സിൽ കുറയാത്ത ഒരു സ്ത്രീയേയും 50 വയസ്സിൽ കുറയാത്ത പുരുഷനേയും വയ്ക്കണമെന്നു പറഞ്ഞതിലും മൂന്നംഗങ്ങളിൽ ഒരാൾ വനിതയായിരിക്കണമെന്നും ഒരാൾ പട്ടികജാതിയിലോ

പട്ടികവർഗ്ഗത്തിലോപെട്ട ആളായിരിക്കണമെന്ന് പറഞ്ഞതിലും ഭരണഘടനാ വിരുദ്ധമായി യാതൊന്നുമില്ല. മൂന്ന് പേരെ വയ്ക്കണമെന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ. സ്വഭാവദൂഷ്യം, പ്രാപ്തിയില്ലായ്മ എന്നീ കാരണങ്ങളാൽ ഒരു അംഗത്തെ മാറ്റാൻ ഹൈക്കോടതിക്ക് അധികാരമുണ്ട്. ഓഡിറ്റേഴ്സിനെ വയ്ക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾക്കൊന്നും മാറ്റം വരുത്തിയിട്ടില്ല. ഹൈക്കോടതിയുടെ അധികാരങ്ങൾ നിലനിർത്തിക്കൊണ്ട് അഴിമതി സംബന്ധിച്ച് അന്വേഷിക്കുന്നതിന് ഒരു കമ്മിഷനെ വയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. പബ്ളിക് സർവ്വീസ് കമ്മിഷന്റെ ചുമതലകൾ വ്യാപിപ്പിക്കുന്നതിനുള്ള അധികാരമാണ് ഭരണഘടനയുടെ ആർട്ടിക്കിൾ 324-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. മലബാർ ദേവസ്വത്തിനു കീഴിലുള്ള എല്ലാ മിനിസ്റ്റീരിയൽ എക്സിക്യൂട്ടീവ് നിയമനങ്ങളും ഹിന്ദുക്കളായ ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ച് ഹിന്ദുവായ പബ്ളിക് സർവ്വീസ് കമ്മീഷണർമാർ ഇന്റർവ്യൂ നടത്തി നിയമിച്ചുവരുന്നത് ഈ സംസ്ഥാനത്ത് നിലവിലുള്ള കീഴ്വഴക്കമാണ്. സ്ത്രീകളെയും പട്ടികജാതിക്കാരെയും വയ്ക്കുന്നത് ശരിയല്ല എന്നു പറയുന്നതിനോട് യോജിക്കാനാവില്ല. കണ്ടുപിടിക്കുന്ന അഴിമതികൾ മാത്രം തടഞ്ഞാൽ മതി, അല്ലാത്തത് തടയേണ്ടതില്ല, ഈ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം സർക്കാരിന് വാദിക്കാൻ അവകാശമില്ല എന്നീ കാര്യങ്ങളിലൊക്കെ അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ സബ്ജക്ട് കമ്മിറ്റി ചർച്ചാവേളയിൽ ഉന്നയിക്കാം. ഫിനാൻഷ്യൽ മെമ്മോറാണ്ഡത്തിൽ 2 ലക്ഷം രൂപ വച്ചത് കമ്മിഷനുവേണ്ടിയാണെന്ന് പറഞ്ഞിട്ടുണ്ട്. വർഷങ്ങൾ കഴിയുമ്പോൾ 2 ലക്ഷം രൂപ തികയാതെ വന്നേയ്ക്കാമെന്നുള്ളതുകൊണ്ട് ആ തുക

തിട്ടപ്പെടുത്താൻ കഴിയുകയില്ലെങ്കിൽ ആവശ്യാനുസരണം കൊടുക്കാം. നിയമനങ്ങൾ പി.എസ്.സി. ക്ക് വിടുന്നതിനുള്ള നിയമം പ്രത്യേകമായി കൊണ്ടുവരാൻ പോവുകയാണ്. അതിൽ ഫിനാൻഷ്യൽ മെമ്മോറാണ്ഡമുണ്ടാകും.

നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): നിയമനം പി.എസ്.സി.ക്ക് വിടുന്നതുസംബന്ധിച്ച് ഈ ബില്ലിൽ എനേബ്ളിംഗ് പ്രൊവിഷൻ മാത്രമേ വച്ചിട്ടുള്ളൂ. അതിലേയ്ക്കായി പ്രത്യേക നിയമം കൊണ്ടുവരുമ്പോൾ അതിൽ ഫിനാൻഷ്യൽ മെമ്മോറാണ്ഡവും ഉണ്ടാകും. ഈ ബില്ലിൽ അതിന് പ്രസക്തിയില്ല. ഭരണഘടനാ വിരുദ്ധമായിട്ടോ കവനന്റിനു വിരുദ്ധമായിട്ടോ യാതൊരു കാര്യവും ഈ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ക്ളാസ് (13) കൊണ്ട് യാതൊന്നും സംഭവിക്കുകയില്ല. ആവശ്യമായ മാറ്റങ്ങൾ തുടർന്ന് കൊണ്ടുവരാവുന്നതാണ്.

മി. സ്പീക്കർ: രണ്ട് ഒബ്ജക്ഷൻസാണ് ഇവിടെ റെയ്സ് ചെയ്തിരിക്കുന്നത്. ബില്ലിൽ സമഗ്രമായ ഫിനാൻഷ്യൽ മെമ്മോറാണ്ഡമില്ല എന്നതാണ് ആദ്യത്തെ ഒബ്ജക്ഷൻ. രണ്ടാമത്തേത് ഭരണഘടനാ വിരുദ്ധമാണെന്നുള്ളതാണ്. ബില്ലിൽ റിക്കറിംഗ് ആന്റ് നോൺ റിക്കറിംഗ് എക്സ്പെൻഡിച്ചറിനെ സംബന്ധിച്ചുള്ള ചെലവ് കാണിക്കുന്നത് നല്ലതാണ്. എന്നാൽ ചെലവ് കൃത്യമായി കാണിക്കാതെ പലപ്പോഴും ഈ സഭയിൽ ബില്ലുകൾ അവതരിപ്പിച്ച് പാസ്സാക്കിയിട്ടുണ്ട്, ചെലവുകൾ കൃത്യമായി ഫിനാൻഷ്യൽ മെമ്മോറാണ്ഡത്തിൽ കാണിക്കുന്നതാണ് ശരിയായ നിലപാട്. ബില്ലിലെ വ്യവസ്ഥകൾ ഭരണഘടനാവിരുദ്ധമാണെന്ന പ്രശ്നവും

ഇവിടെ ഉന്നയിച്ചു. പൊതുവായ പ്രശ്നത്തിന്റെ ഭാഗമായാണ് ഇവിടെ ചർച്ച ചെയ്യുന്നത്. സ്വാഭാവികമായും എന്തെങ്കിലും കുറവുണ്ടെങ്കിൽ അതെല്ലാം ചർച്ച ചെയ്ത് പരിഹരിക്കാവുന്നതാണ്. ആത്യന്തികമായി തീരുമാനിക്കുന്നത് കോടതി തന്നെയാണ്. ഇതുസംബന്ധിച്ച് നിയമസഭയിലും പാർലമെന്റിലും നിലപാട് വ്യക്തമാക്കിയിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ കീഴ്വഴക്കങ്ങൾ വച്ചുകൊണ്ട് ഈ ഒബ്ജക്ഷൻസ് നിലനിൽക്കുകയില്ല. ഈ ബിൽ ചർച്ചയ്ക്ക് എടുക്കാവുന്നതാണ്.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഈ ബിൽ അവതരിപ്പിക്കുമ്പോൾ വളരെ വ്യക്തമായ സാമൂഹ്യ ലക്ഷ്യവും ഭരണഘടനാ ലക്ഷ്യവും ധാർമ്മിക ലക്ഷ്യവും ഗവണ്മെന്റിനുണ്ട്. ദേവസ്വം ബോർഡിന്റെ വഴിവിട്ട പോക്ക് നിയന്ത്രിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ കേരളപ്പിറവിക്കുമുമ്പ് പാസ്സാക്കിയ നിയമത്തിലില്ല എന്ന സാഹചര്യത്തിലാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. ക്ഷേത്രങ്ങളിലെ കൊള്ളകൾക്കെതിരെ, ക്ഷേത്രങ്ങളുടെ ഭരണം ശരിയായ വിധത്തിൽ നടത്തുന്നതിൽ വീഴ്ച വരുത്തുമ്പോൾ ഭരണഘടനാ ബാധ്യതയുള്ള ഗവണ്മെന്റ് അതിൽ ഇടപെട്ട് ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്നതിനാണ് ഇവിടെ ശ്രമിക്കുന്നത്. വളരെ ആത്മാർത്ഥതയോടുകൂടി ഈ നിയമം പാസ്സാക്കിയെടുക്കുകയാണ് വേണ്ടത്. അമൂല്യമായ ആശയങ്ങൾ സംഭാവന ചെയ്യുന്ന ചർച്ചകളായിരിക്കണം ഇവിടെ നടക്കേണ്ടത്. ദേവസ്വംബോർഡ് മെമ്പർമാരെ ഗവൺമെന്റാണ് നിയമിക്കുന്നത്. ഹൈന്ദവമതം സഹിഷ്ണുതയുള്ളതാണ്. ആ പാരമ്പര്യമാണ് കേരളത്തിനുള്ളത്. മൂലനിയമത്തിലെ 27 സെക്ഷനുകളിലാണ് ഭേദഗതി

വരുത്താൻ ഉദ്ദേശിക്കുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഭേദഗതികളാണ് ഒരു സ്ത്രീയും പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരാളും ദേവസ്വം ബോർഡിൽ അംഗങ്ങളായി ഉണ്ടാകണമെന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരാൾ ഇതുവരെ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ അംഗമായിട്ടില്ല. ദേവസ്വം ബോർഡ് നിയമത്തിൽ പട്ടികജാതി സംവരണമുണ്ട്. അത് നടപ്പാക്കാൻ കഴിയണം. ദേവസ്വം ബോർഡിലെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിന് പ്രസിഡന്റിന്റെ അനുമതിവേണം. അഡ്മിനിസ്ട്രേറ്റീവ്, മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ നിയമനങ്ങൾ നടത്തുന്നതിന് പി.എസ്.സി.യെ അധികാരപ്പെടുത്തുന്ന എനേബ്ളിംഗ് ക്ളാസ് ഈ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അത് സംബന്ധിച്ച് പ്രത്യേക നിയമം കൊണ്ടുവരണം. മലബാർ ദേവസ്വം ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.വഴിയാണ് ഇപ്പോൾ നടത്തുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഗുരുവായൂർ ക്ഷേത്രത്തിലെ വരുമാനത്തിൽ 10 കോടി രൂപയുടേയും ശബരിമലയിൽ 29 കോടി രൂപയുടേയും വർദ്ധനവുണ്ടാക്കാൻ സാധിച്ചു. ഇൻഡ്യയ്ക്ക് ആകെ മാതൃകയാകുന്ന ഈ ഭേദഗതി നിയമം ചർച്ച ചെയ്ത് ഐകകണ്ഠ്യേന പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

Shri V.D. Satheesan: I move that, "This House resolves to disapprove The Travancore-Cochin Hindu Religious Institutions Ordinance, 2007. (Ordinance No. 5 of 2007)" 1950-ലെ തിരുവിതാംകൂർ–കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ ആക്ട് ഭേദഗതി വരുത്തുന്നതിനുള്ള ബില്ലാണിത്. നിയമസഭയുടെ പവിത്രമായ കർമ്മമാണ് നിയമനിർമ്മാണം. വിശ്വാസികളുടെ താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള

ഒരു നിയമനിർമ്മാണമാണ് നടത്തേണ്ടത്. 1950–ൽ ഈ മൂലനിയമത്തെ സംബന്ധിച്ച് ചർച്ച നടന്നിട്ടുണ്ട്. ക്ഷേത്ര ആരാധന നടത്തുന്ന ഹൈന്ദവ വിശ്വാസികളുമായി ബന്ധപ്പെട്ടാണ് ഈ നിയമം നിൽക്കുന്നത്. ദേവസ്വം ബോർഡിന് സ്വയംഭരണാവകാശമാണുള്ളത്. ദേവസ്വം ബോർഡിൽ അഴിമതിയുണ്ടെന്നുപറഞ്ഞുകൊണ്ട് ആരാധകരുടെ വിശ്വാസത്തെ നിയന്ത്രിക്കുന്നതിന് സർക്കാരിന് അവകാശമില്ല. ഈ നിയമത്തിൽ അഴിമതിയെക്കുറിച്ച് അന്വേഷിക്കാനുള്ള വകുപ്പുകൾ നേരത്തെ തന്നെയുള്ളതുകൊണ്ട് പുതുതായി ചേർക്കേണ്ട കാര്യമില്ല. പ്രധാനപ്പെട്ട വ്യവസ്ഥകൾ നിലനിർത്തി ഭരണഘടനയ്ക്കുള്ളിലെ വ്യവസ്ഥാപിത നയങ്ങൾക്കനുസൃതമായി ഒരു നിയമനിർമ്മാണം നടത്തുകയാണ് വേണ്ടത്. ബില്ലിൽ പറഞ്ഞിരിക്കുന്ന ഭേദഗതികളിൽ പലതും ഭരണഘടനയിലെ ആർട്ടിക്കിൾ 26–ന്റെ ലംഘനമാണ്. അസാധാരണ സാഹചര്യമോ ഭരണപരമായ പ്രതിസന്ധിയോ ഉണ്ടാകുമ്പോൾ, നിയമസഭ കൂടി നിയമം പാസ്സാക്കാൻ പറ്റാത്ത സാഹചര്യത്തിൽ ഓർഡിനൻസ് കൊണ്ടുവരുന്നതിനു പകരം അനാവശ്യമായ ധൃതി പിടിച്ച് ഈ ഓർഡിനൻസ് കൊണ്ടുവന്നതിന്റെ ഔചിത്യം മനസ്സിലാകുന്നില്ല.. പ്രത്യക്ഷമായി ചെയ്യാൻ പറ്റാത്ത കാര്യങ്ങൾ പരോക്ഷമായി ചെയ്യാനാണ് ഗവണ്മെന്റ് ശ്രമിക്കുന്നത്. ഭരണഘടനാപരമായ അവകാശത്തെ സർക്കാർ ലംഘിച്ചിരിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന ബോർഡംഗങ്ങൾ ഔദ്യോഗിക പദവിയിൽ പ്രവേശിക്കുന്നതിനു മുമ്പ് ദേവസ്വം വകുപ്പു സെക്രട്ടറിയുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്യണമെന്ന വ്യവസ്ഥ സ്വീകാര്യമല്ല. ബില്ലിലെ ഏഴാം വകുപ്പിൽ പറഞ്ഞിരിക്കുന്ന നാല് വർഷക്കാലാവധി രണ്ട് വർഷമാക്കി കുറയ്ക്കുന്നതിലൂടെ വ്യക്തി

സ്വാതന്ത്ര്യത്തിലേയ്ക്കുള്ള കടന്നുകയറ്റമാണ് നടത്തുന്നത്. വകുപ്പ് 11-ൽ പറയുന്ന സ്റ്റാൻഡിംഗ് കമ്മിറ്റി രൂപീകരണം ദേവസ്വം ബോർഡിൽ അപ്രസക്തവും അപ്രായോഗികവുമാണ്. ദേവസ്വം ബോർഡിലെ അഴിമതി നിയന്ത്രിക്കണമെന്ന കാര്യത്തിൽ കക്ഷിവ്യത്യാസമില്ലാതെ എല്ലാവർക്കും യോജിപ്പാണുള്ളത്. നിയമനങ്ങൾ പബ്ളിക് സർവ്വീസ് കമ്മിഷന് വിടുന്നതിനെക്കുറിച്ച് പുനരാലോചിക്കണം. ഒരു സെക്കുലാർ ഗവണ്മെന്റോ സെക്കുലാർ സ്ഥാപനമോ ഒരു റിലിജിയസ് ഇൻസ്റ്റിറ്റ്യൂഷനകത്തുള്ള അപ്പോയിന്റ്മെന്റുകൾ ഏറ്റെടുക്കുന്നത് അനൗചിത്യമാണ്. ഒരു റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ച് നിയമനങ്ങൾ അവരെ ഏൽപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. ദേവസ്വം ഭരണത്തിൽ പ്രത്യക്ഷമായോ പരോക്ഷമായോ സർക്കാർ ഇടപെടുന്നത് ശരിയല്ല. മതവിശ്വാസം സംരക്ഷിക്കാൻ ചുമതലപ്പെട്ട ആളുകളെ അംഗങ്ങളായി ഉൾപ്പെടുത്തണം. ഹൈക്കോടതി റിവ്യൂ ചെയ്തശേഷമുള്ള ആഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി സർക്കാരിന് നൽകണമെന്ന നിബന്ധന വയ്ക്കുന്നത് അധികാരം ഗവണ്മെന്റിന് കൊടുക്കുന്നതിന് തുല്യമാണ്. ക്ഷേത്രകാര്യങ്ങളെല്ലാം കയ്യടക്കി, സർക്കാർ ഡിപ്പാർട്ടുമെന്റാക്കി ദേവസ്വം ബോർഡിനെ മാറ്റാനുള്ള നടപടി നിയമ സംവിധാനങ്ങൾക്കും ഭരണഘടനയക്കും എതിരാണ്. ഇൻഡ്യൻ ഭരണഘടനയനുസരിച്ച് എല്ലാ വിഭാഗങ്ങളുടെയും മതസ്വാതന്ത്ര്യം സംരക്ഷിക്കാനുള്ള ചുമതല നിയമസഭയ്ക്കുണ്ട്. സുപ്രീംകോടതി വിധികളും ഭരണഘടനയും കണക്കിലെടുത്തു കൊണ്ടാവണം ഒരു നിയമനിർമ്മാണം നടത്തേണ്ടത്. ദൈവവിശ്വാസികളുടെ വിശ്വാസത്തെ വ്രണപ്പെടുത്താതെ അവർക്ക് കൂടുതൽ അടിസ്ഥാനസൗകര്യങ്ങൾ കൊടുത്തുകൊണ്ട് അവരെ

കൊള്ള ചെയ്യുന്നവരെ നിയന്ത്രിക്കുന്ന തരത്തിലുള്ള ഭേദഗതികൂടി ഈ ബില്ലിൽ ഉൾപ്പെടുത്തണം.

ശ്രീ. കെ. സി. വേണുഗോപാൽ: നിരാകരണ പ്രമേയത്തെ പിൻതാങ്ങുന്നു. സംസ്ഥാനത്തെ എല്ലാ വിഭാഗം ആളുകളും ആഗ്രഹിക്കുന്ന തരത്തിലുള്ള പ്രധാനപ്പെട്ട കാര്യങ്ങൾ ഉൾക്കൊണ്ടിട്ടുള്ള ഈ ബില്ലിനെ സ്വാഗതം ചെയ്യുകയാണ്. ഓർഡിനൻസ് പുറപ്പെടുവിച്ച് 3 മാസം കഴിഞ്ഞിട്ടും തിരുവിതാംകൂർ, കൊച്ചി ദേവസ്വങ്ങൾ ഗവൺമെന്റ് സെക്രട്ടറിയുടെ അധീന തയിലാണ് പ്രവർത്തിക്കുന്നത്. നിരവധി ജീവനക്കാരുടെ പ്രശ്നങ്ങൾ, എസ്റ്റാബ്ളിഷ്മെന്റ് ഇതൊക്കെ ഇപ്പോഴും നിയന്ത്രിക്കുന്നത് ഒരു ഗവണ്മെന്റ് സെക്രട്ടറിയാണ്. ഈ ബിൽ നിലവിൽവന്നാൽ ദേവസ്വം ബോർഡ് കോൺസ്റ്റിസ്റ്റ്യൂട്ട് ചെയ്യുന്നതിന് വീണ്ടും കാലതാമസം നേരിടും. ഈ ഓർഡിനൻസിന്റെ അർജൻസി അനുസരിച്ച് ബോർഡ് കോൺസ്റ്റിറ്റ്യൂട്ട് ചെയ്യാത്തതെന്താണെന്ന് വ്യക്തമാക്കണം. ശബരിമലയിൽ എത്തുന്ന ഭക്തജനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. യു.ഡി.എഫിന്റെ ഭരണകാലത്ത് തീർത്ഥാടകരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ കഠിന പ്രയത്നം ചെയ്തു. തമിഴ്നാട്, കർണ്ണാടക, ആന്ധ്ര എന്നിവിടങ്ങളിൽ നിന്നുവരുന്ന ലക്ഷക്കണക്കിന് അയ്യപ്പഭക്തർക്ക് പ്രാഥമിക സൗകര്യങ്ങൾപോലും ചെയ്തുകൊടുക്കാൻ കഴിയുന്നില്ല. തീർത്ഥാടകർക്കുവേണ്ട പ്രാഥമിക സൗകര്യങ്ങൾ ലഭ്യമാ ക്കുന്നതിന് തടസ്സമായി നിൽക്കുന്നത് വനഭൂമി പ്രശ്നമാണ്. കഴിഞ്ഞ യു.ഡി. എഫ്. ഗവൺമെന്റിന്റെ പരിശ്രമഫലമായി 133 ഹെക്ടറോളം വനഭൂമി പമ്പയിലും സന്നിധാനത്തുമായി കിട്ടിയിട്ട് രണ്ട് വർഷമായെങ്കിലും

തീർത്ഥാടന സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. തീർത്ഥാടകരുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ തയ്യാറാകണം. ദേവസ്വം ബോർഡിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം നിർവഹിക്കുന്നതിന് ഒരു പ്രേരകശക്തിയായി മാറാൻ ഗവൺമെന്റിന് കഴിയണം. ഹിന്ദു എന്ന നിർവചനമനുസരിച്ചുള്ള പ്രൊവിഷനിൽ പ്രിൻസിപ്പൽ സെക്രട്ടറിയുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്യണമെന്നും സത്യപ്രതിജ്ഞാ വാചകത്തിൽ ഈശ്വരവിശ്വാസി ആയിരിക്കണമെന്നുമുള്ള പ്രൊവിഷനെ സ്വാഗതം ചെയ്യുന്നു. തിരുപ്പതി, മൂകാംബിക എന്നീ പ്രധാനപ്പെട്ട ക്ഷേത്രങ്ങൾ ഗവൺമെന്റ് കൺട്രോളിലാണ് പ്രവർത്തിക്കുന്നത്. ക്ഷേത്രങ്ങളെ സംബന്ധിച്ചുള്ള പരമ്പരാഗത വിശ്വാസങ്ങളെ ഒറ്റയടിക്ക് മാറ്റി മുന്നോട്ടുപോകാൻ കഴിയില്ല. ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാരിന് ദേവസ്വം ബോർഡ് മെമ്പർമാരെ നിശ്ചയിക്കാനുള്ള അധികാരമുണ്ട്. മൂന്ന് അംഗങ്ങളിൽ ഒരാൾക്ക് വരാൻ കഴിയാതെ വന്നാൽ അവർക്ക് ഡിസ്ക്വാളിഫിക്കേഷൻ വരുകയും ഒരു പ്രാവശ്യം മാത്രം അവരെ റീ-ഇൻസ്റ്റേറ്റ് ചെയ്ത് കൊടുക്കുകയും ചെയ്യുന്നത് മെമ്പറെ സംബന്ധിച്ചിടത്തോളം ഒരു ന്യൂനതയാണ്. സ്റ്റാൻഡിംഗ് കമ്മിറ്റികൾ മാസത്തിലൊരിക്കൽ കൂടണമെന്നും അഭിപ്രായ വ്യത്യാസം ഉണ്ടായാൽ പിന്നെ ബോർഡിലേക്കുതന്നെ തിരിച്ചുവരുമെന്നും ബോർഡിന്റെ തീരുമാനം അന്തിമമാണെന്നും ബില്ലിൽ പറഞ്ഞത് ഗുണപരമായ കാര്യമല്ല. തിരുവിതാംകൂർ/കൊച്ചി ദേവസ്വങ്ങളിൽ പി.എസ്.സി. നിയമനം നടത്തുമ്പോൾ അത് കുറ്റമറ്റതാക്കാനും അഴിമതി വിമുക്തമാക്കാനും ശ്രദ്ധിക്കണം. ഇത്തരത്തിലുള്ള നിയമനം മതേതര കാഴ്ചപ്പാടിന് അനുകൂലമാണോയെന്ന് ചിന്തിക്കണം. ബിൽ കുറ്റമറ്റതാക്കാൻ നിലവിലുള്ള സിസ്റ്റം പറ്റാത്ത സാഹചര്യത്തിൽ ജുഡീഷ്യൽ സ്വഭാവമുള്ള

ഒരു ഇൻഡിപെഡന്റ് ബോർഡ് ഉണ്ടാക്കാൻ സാധിക്കണം. അഡ്മിനിസ്ട്രേറ്റീവ് പോസ്റ്റിന്റെ കാര്യത്തിൽ മാത്രമല്ല ക്ഷേത്രവുമായി ബന്ധപ്പെട്ട എല്ലാ നിയമനങ്ങളിലും അഴിമതി നടക്കുന്നത് തടയാനാവശ്യമായ നടപടി സ്വീകരിക്കണം. കഴകക്കാരനെയും മറ്റും തെരഞ്ഞെടുക്കുന്നതിന് എക്സ്പെർട്ടുകൾ ആവശ്യമായ സാഹചര്യത്തിൽ പരമ്പരാഗതമായി ബന്ധപ്പെട്ട അത്തരം എക്സ്പെർട്ടുകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ഇൻഡിപെൻഡന്റ് ബോർഡ് ആണെങ്കിൽ ഈ നിയമനങ്ങളെല്ലാം അതിന്റെ ഭാഗമാക്കാവുന്നതാണ്. പബ്ലിക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെട്ടിരിക്കുന്ന പ്രൊവിഷനെക്കുറിച്ച് പുനരാലോചന നടത്തണം. ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട വികസനത്തിന് പ്രൊവിഷൻ വച്ചിട്ടുണ്ട്. വികസന പ്രവർത്തനങ്ങളും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും വിശ്വാസ ലോകത്തിന്റെ താൽപ്പര്യങ്ങൾ പരിപൂർണ്ണമായി സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. സമൂഹത്തിനാകെ പ്രയാസമുണ്ടാകുന്ന രീതിയിൽ അഴിമതി നടത്തുന്ന സാഹചര്യം ഒഴിവാക്കുന്നതിന് വേണ്ടിയുള്ള ഒരു നിയമനിർമ്മാണം അനിവാര്യമാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഒരു പ്രതിനിധിയേയും വനിതാ പ്രതിനിധിയേയും ഉൾപ്പെടുത്തിയത് സ്വാഗതാർഹമാണ്. ക്ഷേത്രവിശ്വാസങ്ങളെ സംബന്ധിച്ചുള്ള ആശങ്ക പരിഹരിച്ചുകൊണ്ട് ഈ ബിൽ കുറ്റമറ്റതാക്കണം. ഒരു തവണ മെമ്പറായവർക്ക് തൊട്ടടുത്ത കൺസിക്യൂട്ടീവ് ടേമിൽ മെമ്പറാകാൻ സാധിക്കില്ല എന്ന പ്രൊവിഷൻ ശ്ലാഘനീയമാണ്.

<u>ശ്രീ. വി.എസ്. സുനിൽ കുമാർ: </u>2007-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്ന

തിനായി 20-4-2007 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മൂലനിയമത്തെ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുവന്ന ഈ നിയമത്തെ പിന്തുണയ്ക്കുന്നു. 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ ആക്ടിലെ 4-ാം വകുപ്പിലെ ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നത് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ മൂന്ന് ഹിന്ദു അംഗങ്ങൾ ഉൾപ്പെടുന്നതിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിൽപ്പെട്ട ആളുമായിരിക്കണമെന്നതാണ്. അതേ സമയം ഈ മെമ്പറന്മാരെ തെരഞ്ഞെടുക്കുന്ന നിലവിലുള്ള തെരഞ്ഞെടുപ്പ് പ്രക്രിയ ചോദ്യം ചെയ്യപ്പെടുന്നില്ല. സാമൂഹ്യനീതി ഉറപ്പാക്കത്തക്ക രീതിയിലുള്ള ഭേദഗതിയാണ് ബില്ലിൽ കൊണ്ടുവന്നിട്ടുള്ളതെന്നതിനാൽ പ്രതിപക്ഷം ഉന്നയിക്കുന്നതുപോലുള്ള ഭരണഘടനാപരമായ പ്രശ്നം ഉദിക്കുന്നില്ല. ഈ ഗവൺമെന്റ് ക്ഷേത്രങ്ങളെ പിടിച്ചെടുക്കാൻ പോകുന്നു എന്ന സംഘ് പരിവാറിന്റെ വ്യാഖ്യാനത്തെ പിന്തുണക്കുന്ന നിലപാട് പ്രതിപക്ഷം സ്വീകരിക്കരുത്. അമ്പലങ്ങളുമായി ബന്ധപ്പെട്ട അഴിമതി, ദേവസ്വം മെമ്പർമാരുമായി ബന്ധപ്പെട്ട അഴിമതി, ദേവസ്വം നിയമനങ്ങളുമായി ബന്ധപ്പെട്ട അഴിമതി ഇവയെക്കുറിച്ചൊക്കെ അന്വേഷണം നടത്തുന്നതിന് നിലവിലുള്ള ആക്ടിൽ യാതൊരു വ്യവസ്ഥയുമില്ല. അതുകൊണ്ടാണ് ധനദുർവിനിയോഗവും ദുർഭരണവും ഉണ്ടാകുന്ന സന്ദർഭങ്ങളിൽ അതിനെക്കുറിച്ച് അന്വേഷിക്കുന്നതിന് കമ്മിഷനെ നിയമിക്കുന്നതിനുള്ള വ്യവസ്ഥ കൊണ്ടുവന്നത്. ബോർഡുകളിലെ നിയമനങ്ങളെ സംബന്ധിച്ച് വ്യാപകമായ അഴിമതി ആരോപണങ്ങൾ ഉയർന്നുവരുന്നതുകൊണ്ടാണ് നിയമനങ്ങൾ നടത്താനുള്ള ചുമതല പബ്ളിക് സർവീസ് കമ്മിഷനെ

ഏൽപ്പിക്കുന്ന ഭേദഗതി വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തിയത്. നിയമനങ്ങൾ സുതാര്യമായി നടത്തുന്നതിന് റിക്രൂട്ട്മെന്റ് ബോർഡ് ഉണ്ടാകണം. അവർണ്ണരെയും പൂജാരികളായി നിയമിക്കണം. ബോർഡിന്റെ ചുമതലകളും കർത്തവ്യങ്ങളും നിക്ഷിപ്തമാക്കുന്ന വ്യവസ്ഥകൾ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബോർഡിന്റെ സുഗമമായ ഭരണ നിർവ്വഹണത്തിന് ബോർഡ് അംഗങ്ങളിൽ നിന്നും രൂപീകരിക്കുന്നതാണ് സ്റ്റാന്റിംഗ് കമ്മിറ്റികൾ. തദ്ദേശവാസികളുടെയും ഭക്തജനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്ന തിനാണ് ക്ഷേത്രോപദേശക സമിതികൾ രൂപീകരിക്കുന്നത്. ക്ഷേത്രാചാരങ്ങൾക്കും വിശ്വാസങ്ങൾക്കും ഒരു പോറലുമേൽക്കാതെ അഴിമതിരഹിതമായ ക്ഷേത്രഭരണം ഉദ്ദേശിച്ചുകൊണ്ട് പ്രധാന ആക്ടിൽ കാലോചിതമായ പരിഷ്ക്കാരം വരുത്തിക്കൊണ്ടുള്ള ഭേദഗതികളടങ്ങിയ ഈ ബിൽ ഐകകണ്ഠ്യേന പാസ്സാക്കണം.

<u>ശ്രീ. എം.എം. മോനായി:</u> 2007-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ക്ഷേത്രധർമ്മത്തെ സംരക്ഷിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ ബിൽ പുതുതായി അവതരിപ്പിക്കപ്പെട്ടതല്ല; ഹിന്ദു ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട് ധാരാളം അഴിമതിക്കഥകളാണ് ദിനംപ്രതിയെന്നോണം പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. വിശ്വാസികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കേണ്ടത് ഗവൺമെന്റിന്റെ ബാദ്ധ്യതയാണ്. കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റങ്ങൾ ബില്ലിൽ വരുത്തണം. ദേവസ്വം ബോർഡുകളുടെ ഭരണത്തിൽ സുതാര്യത ഉറപ്പുവരുത്താനുള്ള നിർദ്ദേശങ്ങളാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പൂജാദി കാര്യങ്ങളിൽ ഗവൺമെന്റ് ഇടപെടാതെ സ്വതന്ത്രമായി നടത്തുന്ന തിന് അനുകൂലമായ അന്തരീക്ഷമുണ്ടാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ ബില്ലിൽ വിശ്വാസികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ട ഒട്ടനവധി നിർദ്ദേശങ്ങളുണ്ട്. ബോർഡിന്റെ അഴിമതി ആരോപണങ്ങളെക്കു റിച്ച് അന്വേഷിക്കാൻ ഹൈക്കോടതിയിലെ സിറ്റിംഗ് ജഡ്ജിയുടെ സേവനം ലഭ്യമല്ലെങ്കിൽ മാത്രമേ റിട്ടയർ ചെയ്ത ഹൈക്കോടതി ജഡ്ജിയെ കമ്മിഷനായി നിയമിക്കുകയുള്ളൂ എന്ന് ബില്ലിൽ വ്യക്തമാക്കിയിട്ടുണ്ട്. പരിപാവനമായി നിൽക്കേണ്ട ക്ഷേത്രത്തെ മുഴുവൻ കട്ടുമുടിക്കുന്ന നടപടി കൾക്കെതിരായി എടുത്തിട്ടുള്ള ധർമ്മത്തിന്റെ രക്ഷയാണ് ഈ ബിൽ.

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ: ഈ ബിൽ സാമൂഹ്യനീതി ഉറപ്പാക്കു ന്നതിനും വിശ്വാസികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ടിയുള്ളതാണ്. സ്ത്രീകൾക്ക് ക്ഷേത്രകാര്യങ്ങൾ കൈകാര്യം ചെയ്യുന്ന സമിതിയിൽ അംഗത്വം കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നതും അധ:കൃതർക്ക് സവർണ്ണർ കയ്യടക്കി വച്ചിരുന്ന ക്ഷേത്രത്തിന്റെ ഭരണ സമിതിയിലേയ്ക്ക് പ്രവേശനം നൽകുന്നതും സാമൂഹ്യനീതി ഉറപ്പാക്കുന്നതിനുവേണ്ടിയാണ്. ക്ഷേത്രപ്രവേശന വിളംബരത്തിന് ശേഷം ക്ഷേത്ര സംരക്ഷണ വിളംബരമായി ഈ ബില്ലിനെ കാണേണ്ടതാണ്. അഴിമതി നിർമ്മാർജ്ജനം ചെയ്യുക, ക്ഷേത്രത്തിന്റെ ഭരണം കാര്യക്ഷമമാക്കുക എന്നിവയാണ് ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത്. ക്ഷേത്രങ്ങളിലെ അഴിമതികളെക്കുറിച്ച് പറയാനൊരു വേദിയില്ലാതെ വിമ്മിഷ്ടപ്പെടുന്ന ആയിരക്കണക്കിന് വിശ്വാസി കൾക്ക് ഇതൊരു ആശ്വാസമായിരിക്കും. ക്ഷേത്രത്തിനകത്ത് സമ്പത്ത് കുമിഞ്ഞു കൂടുമ്പോൾ ഉണ്ടാകുന്ന നിരവധി കുഴപ്പങ്ങളെക്കുറിച്ച് ചിന്തിക്കേ ണ്ടതുണ്ട്. ഇൻഡ്യൻ ഭരണഘടനയ്ക്ക് വിരുദ്ധമാണ് ഈ ബിൽ

എന്നുപറയുന്നത് ശരിയല്ല. അധർമ്മത്തെ ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. മനുഷ്യന്റെ ദുർബലതയിലും നിസ്സഹായാവസ്ഥയിലും നിന്നാണ് മതങ്ങൾ ഉണ്ടാകുന്നത്. മനുഷ്യന്റെ ഇന്നത്തെ പരാധീനതകൾ പരിഹരിക്കാനുള്ള മാർഗ്ഗം ആസൂത്രണം ചെയ്തുകൊണ്ട് തുല്യനീതിയുള്ള സമൂഹങ്ങളിൽ കടന്നുചെല്ലുമ്പോൾ മതം ഉണ്ടാകുന്നില്ല. മതപരമായ നിലനിൽപിനും മതവിശ്വാസികളുടെ വിശ്വാസം സംരക്ഷിക്കാനുമുള്ള ഒരു ബില്ലാണിത്. സമൂഹത്തിലെ പാവപ്പെട്ടവന് ക്ഷേത്രത്തിൽ കയറാൻ പറ്റാത്ത അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കിയത് കേരളത്തിലെ കമ്മ്യൂണിസ്റ്റുകാരാണ്. അമ്പലങ്ങളിൽ നടക്കുന്ന മോഷണങ്ങളും. ക്ഷേത്രങ്ങളിലെ വരുമാനം കപടഭക്തർ ചോർത്തിക്കൊണ്ടു പോകുന്നതും തടയാൻ കഴിയണം. ആരാധനാലയങ്ങളിൽ നടക്കുന്ന അഴിമതി തടയാൻ പുതിയ നിയമ ഭേദഗതി കൊണ്ടുവരുമ്പോൾ അതിനെ എതിർക്കുന്നത് ദൈവവിശ്വാസികളെ രക്ഷിക്കാൻ വേണ്ടിയല്ല. ക്ഷേത്രങ്ങളെ സഹായിക്കാൻ രാഷ്ട്രീയവ്യത്യാസമില്ലാതെ മുന്നോട്ടുവരണം. കോടിക്കണക്കിന് രൂപ വരുമാനമുള്ള അമ്പലങ്ങളിൽ ഭക്തർക്ക് ശുചിത്വപൂർണ്ണമായ പ്രാർത്ഥനാ സ്ഥലവും പ്രാഥമിക സൗകര്യങ്ങളും ഒരുക്കിക്കൊടുക്കേണ്ടതുണ്ട്. സർക്കാരിന്റെ നിയന്ത്രണത്തിൽ ഭക്തജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുതകുന്ന പുരോഗമനപരമായ ഒരു ബില്ലാണിത്.

<u>ശ്രീ. വി.എൻ. വാസവൻ</u>: ബില്ലിനെ സ്വാഗതം ചെയ്യുന്നു. ഈ ബിൽ യു.ഡി.എഫ്. ഭരണത്തിന്റെ അവസാന കാലഘട്ടത്തിൽ കൊണ്ടുവന്നതാണ്. ഭാരതത്തിന് ഭൂഷണമല്ലാത്ത തെറ്റായ നടപടികൾ ദേവസ്വം ബോർഡുകളിൽ ഉണ്ടായിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ച് അന്വേഷിക്കാൻ നടപടി

സ്വീകരിക്കണം. ദേവസ്വം ബോർഡിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ അംഗവും ഒരു വനിതാ മെമ്പറും ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ സ്വാഗതാർഹമാണ്. നിലവിലുള്ള ആക്ട് അപര്യാപ്തമായതിനാൽ പുതിയ നിയമം കൊണ്ടുവരാൻ തയ്യാറായ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. സാമൂഹ്യനീതിക്കും സമഗ്ര വികസനത്തിനുംവേണ്ടി പ്രവർത്തിക്കുന്ന ഒരു ഗവണ്മെന്റാണിത്. ദേവസ്വം ബോർഡുകളിലെ നിയമനം അഴിമതിരഹിതവും സുതാര്യവുമാക്കാനുള്ള വ്യവസ്ഥകളെ സ്വാഗതം ചെയ്യുകയാണ്. ദേവസ്വം ബോർഡിൽ അഴിമതിയോ ദുർഭരണമോ ഫണ്ടിന്റെ ദുർവിനിയോഗമോ ഉണ്ടായാൽ അതിൽ ഇടപെടാനും സമയബന്ധിതമായി പരിശോധിക്കാനും ഒരു കമ്മീഷൻ ഉണ്ടാകുന്നത് നല്ലതാണ്. തിരുവനന്തപുരം, ചെങ്ങന്നൂർ, കോട്ടയം തുടങ്ങിയ ഡിവിഷനുകളിലെ 39 ക്ഷേത്രങ്ങളിലെ അറ്റകുറ്റപ്പണികൾക്ക് 15 കോടി രൂപയുടെ കരാർ കൊടുത്തതിൽ 3 കോടി രൂപയുടെ അഴിമതിയുണ്ടെന്നാണ് പറയുന്നത്. ഇതൊക്കെ പരിശോധിക്കുന്നതിനാണ് കമ്മിഷനെ വയ്ക്കുന്നത്. ചില പ്രത്യേക ക്ഷേത്രങ്ങളിൽ ഭക്തന്മാരേയും ഈശ്വരവിശ്വാസികളേയും ഉൾപ്പെടുത്തി ബോർഡിന്റെ അനുമതിയോടുകൂടി ഉപദേശക സമിതികൾ വരുന്നത് സ്വീകാര്യമായ കാര്യമാണ്. ഓരോ ക്ഷേത്രത്തിന്റേയും പ്രത്യേക സാഹചര്യങ്ങളും പശ്ചാത്തലങ്ങളും കണക്കിലെടുത്ത് ദൈനംദിന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ പ്രാദേശിക ഉപദേശക സമിതികൾ വരുന്നത് നല്ലതാണ്. റവന്യൂ ബോർഡ് ഇന്ന് നിലവിലില്ലാത്തതിനാൽ ക്ഷേത്രങ്ങളിലെ പ്രധാനപ്പെട്ട പ്രശ്നങ്ങളിൽ ഇടപെടാൻ ഗവണ്മെന്റിന്റെ പ്രിൻസിപ്പൽ സെക്രട്ടറി ചീഫ് കമ്മിഷണറായി വരണമെന്നതിനെ പൂർണ്ണമായും സ്വാഗതം

ചെയ്യുകയാണ്. ബോർഡിന്റെ കാലാവധി നാല് വർഷമെന്നുള്ളത് രണ്ട് വർഷമായി ചുരുക്കിയത് സ്വാഗതാർഹമാണ്. ഈശ്വര വിശ്വാസികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ കഴിഞ്ഞിട്ടുള്ളത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് അധികാരത്തിലിരിക്കുമ്പോൾ മാത്രമാണ് ശബരിമലയിൽ വരുന്ന മുഴുവൻ ഭക്തരേയും ഇൻഷ്വറൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നത് നല്ലകാര്യമാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ശബരിമലയിലും ഗുരുവായൂരും നടവരവിൽ വർദ്ധനവുണ്ടായത് വിശ്വാസികൾക്ക് അവിടെ പോകാൻ പരിരക്ഷ കിട്ടുന്നുണ്ട് എന്നതിനു തെളിവാണ്. ഭക്തജനങ്ങൾ കാണിക്കയിടുന്ന തുക സുരക്ഷിതമാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടി സ്വാഗതാർഹമാണ്. എല്ലാ നിലയിലും ഭക്തജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുന്ന ഒരു ഗവണ്മെന്റാണിത്.

<u>ശ്രീ. എം. മുരളി</u> : കേരളത്തിലെ ഹിന്ദു വിശ്വാസ സമൂഹത്തിലുണ്ടായിരിക്കുന്ന ആശങ്കകൾ അകറ്റുന്നതിന് ഗവണ്മെന്റ് നടപടി സ്വീകരിക്കണം. 1950-ലെ തിരു-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ സംബന്ധിച്ച ആക്ടിലെ 27 ക്ലാസുകളിൽ മാറ്റം വരുത്തിക്കൊണ്ടാണ് ഓർഡിനൻസ് പുറപ്പെടുവിച്ചതും ഈ ബിൽ അവതരിപ്പിച്ചതും. തിരുവനന്തപുരം ദേവസ്വം ബോർഡിലെ നിയമനങ്ങൾ മാത്രമല്ല, മരാമത്ത് പണികൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കേരള ഹൈക്കോടതി ഓരോ സന്ദർഭത്തിലും സ്വമേധയാ ഇടപെട്ടിട്ടുണ്ട്. ദേവസ്വം ബോർഡിലെ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുമായി ബന്ധപ്പെട്ട നിയമനങ്ങൾ മാത്രമേ പി.എസ്.സി.ക്ക് വിട്ടിട്ടുള്ളൂ. കഴകം ഉൾപ്പെടെയുള്ള ടെമ്പിൾ എംപ്ലോയീസിന്റെ നിയമനം ഭാവിയിലും ബോർഡിൽത്തന്നെ നിക്ഷിപ്തമായിരിക്കുകയാണ്. ബോർഡിന് മൂന്നംഗങ്ങൾ

മാത്രമേയുള്ളൂവെങ്കിലും കവനന്റിന്റെ കാര്യത്തിൽ രാഷ്ട്രപതിയുടെ അംഗീകാരം കിട്ടുകയാണെങ്കിൽ അംഗങ്ങളുടെ എണ്ണം കൂട്ടുമെന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങനെ അംഗങ്ങൾ കൂടിയാൽ ക്ഷേത്രജീവനക്കാരുടെ നിയമനത്തിലും മറ്റും അഴിമതി നടക്കാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് ഇത്തരം നിയമനങ്ങൾ നടത്തുന്നതിന് ജുഡീഷ്യസായിട്ടുള്ള ഒരു റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ച് അവർക്ക് അതിനുള്ള അധികാരം നൽകണം. ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി ആലോചിച്ച് ഒരു ജുഡീഷ്യൽ പേഴ്സണാലിറ്റി ചെയർമാനായി ക്ഷേത്ര ജീവനക്കാരേയും മറ്റു ബന്ധപ്പെട്ട വരെയും ഉൾപ്പെടുത്തി രൂപീകരിച്ച ബോർഡ് ആയിരിക്കണം ക്ഷേത്ര ജീവന ക്കാരുടേയും മറ്റും നിയമനം നടത്തേണ്ടത്. ദേവസ്വം മാനേജുമെന്റിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനം ആര് നടത്തുമെന്ന് ബില്ലിൽ വ്യക്തമാക്കിയിട്ടില്ല. ദേവസ്വം ബോർഡിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാൻ കഴിയില്ലെന്ന് ഗവൺമെന്റ് വ്യക്തമാക്കിയ സാഹചര്യത്തിൽ ഇതിലേയ്ക്കായി ഒരു സ്പെഷ്യൽ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കണം. ഇക്കാര്യം സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യണം. ഇന്നത്തെ സാഹചര്യ ത്തിൽ പ്രൊമോഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ഡി.പി.സി. കൂടേണ്ടി വരും. ഭാവിയിൽ ഈ രീതിയിലുള്ള നൂലാമാലകൾ ഒഴിവാക്കാനും ദേവസ്വം ബോർഡിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടേയും നിയമനം സുതാര്യ മായി നടത്താനും ചീഫ് ജസ്റ്റിസുമായി ആലോചിച്ച് ഒരു സ്പെഷ്യൽ റിക്രൂട്ട്മെന്റ് ബോർഡ് എന്ന സംവിധാനം ഉണ്ടാക്കുന്നതാണ് നല്ലത്. ബില്ലിൽ അന്വേഷണ കമ്മീഷനെ നിയമിക്കുന്നത് സംബന്ധിച്ച് 34എ എന്ന ഒരു

പുതിയ വകുപ്പ് ചേർത്തിട്ടുണ്ട്. കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് അനുസരിച്ച് ഗവൺമെന്റിന് ഏത് സന്ദർഭത്തിലും അന്വേഷണ കമ്മീഷനെ വയ്ക്കാമെന്നതും ഇത് സ്റ്റാറ്റ്യൂട്ടറി ആക്കുന്നതുമായ വ്യവസ്ഥ ചേർത്തതും സ്വാഗതാർഹമാണ്. എന്നാൽ 34 എ അനുസരിച്ച് സിറ്റിംഗ് ജഡ്ജിയെ കിട്ടുമോയെന്നതുകൂടി അന്വേഷിക്കണം. ക്ഷേത്ര ഭരണത്തിലെ ആക്ഷേപം മുഖവിലയ്ക്കെടുത്തുകൊണ്ട് നിലവിലുള്ള വ്യവസ്ഥയിൽ മാറ്റം വരുത്തണം. അന്വേഷണ കമ്മീഷനിൽ സിറ്റിംഗ് ജഡ്ജിയെയോ റിട്ടയേർഡ് ജഡ്ജി യെയോ ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ നിർദ്ദേശപ്രകാരം നിയമിക്കാൻ ഗവൺമെന്റ് ബാധ്യസ്ഥമാകുന്ന വ്യവസ്ഥ 34 എ .യിൽ ഉൾപ്പെടുത്തണം. ദേവസ്വം ഫണ്ട് ബോർഡിൽത്തന്നെ നിക്ഷിപ്തമാക്കണം. സർക്കാർ ഗ്രാന്റ് 51 ലക്ഷം രൂപ എന്നത് ഒരു കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആ ഗ്രാന്റും എല്ലാ ക്ഷേത്രങ്ങളിലെ വരുമാനവും ചേർത്ത് ദേവസ്വം ഫണ്ടായി ദേവസ്വം ബോർഡിന്റെ അധികാരപരിധിയിൽത്തന്നെ നിലനിർത്തുമെന്ന് വ്യക്തമാ ക്കണം. ആഡിറ്റ് റിപ്പോർട്ട് നിയമസഭയിൽ വരാനും അത് നിയമസഭ പരിശോധിക്കാനുമുള്ള ഒരു വ്യവസ്ഥകൂടി ഉൾപ്പെടുത്തണം. തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്ര സ്വത്തുക്കൾ ഗവൺമെന്റിൽ നിക്ഷിപ്ത മാക്കിയതിന്റെ പ്രതിഫലമായിട്ടാണ് ഗ്രാന്റ് കൊടുക്കുന്നത്. ആ ഗ്രാന്റ് കാലോചിതമായി വർദ്ധിപ്പിക്കണം. ക്ലാസ് 28-ൽ ദേവസ്വം കമ്മീഷണറുടെ നിയമനം സംബന്ധിച്ച് കുറെയേറെ കാര്യങ്ങൾ പറയുന്നുണ്ട്. ബോർഡ് സെക്രട്ടറിയുടെ നിയന്ത്രണാധികാരം ആർക്കാണെന്ന് വ്യക്തമാക്കണം. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ വ്യവസ്ഥകൾ എന്താണെന്ന് വ്യക്തമാക്കുകയും അനുഷ്ഠാന കലകളുടെ സംരക്ഷണത്തിനും പുനരുദ്ധാരണത്തിനുംവേണ്ടി

കമ്മീഷണറെയോ സെക്രട്ടറിയെയോ കൺവീനറാക്കി ഒരു സ്റ്റാന്റിംഗ് കമ്മിറ്റി കൂടി രൂപീകരിക്കുകയും വേണം. കഴിഞ്ഞ കാലഘട്ടങ്ങളിലുണ്ടായിരുന്ന അപാകതകൾ പരിഹരിച്ച് ഈ നിയമം കുറ്റമറ്റതാക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഈ നിയമത്തിൽ ചില അപാകതകളും മറ്റു ചില നല്ല വശങ്ങളുമുണ്ട്. 1950-ലെ മൂല നിയമത്തിലെ ചില വ്യവസ്ഥകൾ മാറ്റാനാണ് ഈ ബിൽ കൊണ്ടുവന്നത്. എന്നാൽ ഇതിലെ ചില ക്ളാസുകൾ സഭ പാസ്സാക്കുന്നത് അപമാനമാണ്. അഴിമതി തടയുന്ന കാര്യത്തിലും അതിനെതിരെ നടപടി സ്വീകരിക്കുന്നതിലും ആർക്കും തർക്കമില്ല. 1700–ഓളം ക്ഷേത്രങ്ങളുടെ ഭരണകാര്യങ്ങൾ സംബന്ധിക്കുന്ന ഒരു നിയമമാണിത്. കേരളത്തിലെ പല ക്ഷേത്രങ്ങളിലും പണിയെടുക്കുന്ന ശാന്തിക്കാർക്ക് തുച്ഛമായ തുകയാണ് ലഭിക്കുന്നത്. കേരളത്തിന്റെ സാമൂഹ്യപരമായ പല മാറ്റങ്ങൾക്കും ക്ഷേത്രങ്ങൾ വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. ഭൂപരിഷ്ക്കരണ നിയമം നടപ്പിലായതിന്റെ ഫലമായി ഏറ്റവും കൂടുതൽ ഭൂമി നഷ്ടപ്പെട്ടിട്ടുള്ളത് കേരളത്തിലെ ക്ഷേത്രങ്ങൾക്കാണ്. 76 ബി എന്ന പുതിയ വകുപ്പുപ്രകാരം ബോർഡിന്റെ ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷിക്കുന്നതിന് ഒരു ജുഡീഷ്യൽ കമ്മിഷനെ നിയമിക്കാമെന്ന വ്യവസ്ഥ സ്വാഗതാർഹമാണ്. എന്നാൽ ദേവസ്വം ബോർഡ് നിയമനങ്ങൾ പി.എസ്.സി–ക്ക് വിടുന്നതിനെക്കുറിച്ച് ഗവണ്മെന്റ് പുനരാലോചിക്കണം. ദേവസ്വം ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.–ക്ക് വിടുന്ന പക്ഷം നേരിട്ട് നിയമനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമനങ്ങൾകൂടി പി.എസ്.സി.–ക്ക് വിടാനുള്ള നടപടി സ്വീകരിക്കണം. പബ്ളിക് സർവ്വീസ് കമ്മിഷൻ മുഖേന നിയമനം നടത്തുമ്പോൾ

നിയമനത്തിനായി നടക്കുന്ന അഭിമുഖത്തിൽ ഒരംഗം ഹിന്ദുവായിരിക്കണമെന്ന വ്യവസ്ഥ സ്വീകാര്യമല്ല. ദേവസ്വം ബോർഡിലേയ്ക്കുള്ള നിയമനങ്ങൾ സുതാര്യമായിരിക്കണം. ദേവസ്വം ബോർഡിന്റെ പ്രവർത്തനം രാഷ്ട്രീയത്തിനതീതമായിരിക്കണം. ദേവസ്വം ബോർഡിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്ന മെമ്പർ ഗവണ്മെന്റ് സെക്രട്ടറിയുടെ മുമ്പിൽ പോയി സത്യപ്രതിജ്ഞ ചെയ്യണമെന്ന വ്യവസ്ഥ പിൻവലിക്കണം. ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് സർക്കാരിന് കൊടുക്കണമെന്ന ഭേദഗതി പുതിയ വിവാദങ്ങൾക്ക് വഴിവയ്ക്കും. ക്ഷേത്രാചാരങ്ങളിലും അനുഷ്ഠാനങ്ങളിലും ഗവണ്മെന്റ് കൈകടത്താൻ പാടില്ല. ക്ഷേത്രങ്ങളിൽ ഉപദേശക സമിതികൾ രൂപീകരിക്കാനുള്ള നടപടിയിൽനിന്ന് പിൻമാറണം. ഇവിടെ ഉന്നയിക്കപ്പെട്ട ക്രിയാത്മകമായ എല്ലാ കാര്യങ്ങളും ഉൾക്കൊണ്ടുകൊണ്ട് കേരളത്തിലെ മറ്റു മതവിഭാഗങ്ങൾക്കുള്ളതുപോലെ ഹിന്ദു മതവിഭാഗങ്ങൾക്കും ആരാധനാലയങ്ങളിലുള്ള ഭരണത്തിൽ സ്വാതന്ത്ര്യം കൊടുത്തുകൊണ്ട് കേരളത്തിലെ മതനിരപേക്ഷത കാത്തുസൂക്ഷിക്കണം. ഈ നിയമത്തെ കുറ്റമറ്റതാക്കി മാറ്റണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഭരണ-പ്രതിപക്ഷ കക്ഷിഭേദമെന്യേ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച ക്രിയാത്മകമായ സമീപനങ്ങളെയും നിർദ്ദേശങ്ങളെയും സ്വാഗതം ചെയ്യുന്നതോടൊപ്പം കേരളത്തിലെ ദേവാലയാന്തരീക്ഷവും ദേവസ്വം ബോർഡിന്റെ ഇന്നത്തെ സ്ഥിതിയും അംഗീകരിച്ചതിന് നന്ദി രേഖപ്പെടുത്തുന്നു ജനവികാരത്തിനനുകൂലമായ നടപടികളാണ് ഈ നിയമത്തിലുള്ളതെന്ന് കേരളത്തിലെ എല്ലാ രാഷ്ട്രീയപാർട്ടികളും സമ്മതിക്കുന്ന കാര്യമാണ്. ദേവാലയങ്ങളിൽ

കലുഷിത അന്തരീക്ഷം സൃഷ്ടിക്കാൻ ശ്രമിക്കുന്നവരെ നിരുൽസാഹപ്പെടുത്താനും തകർക്കാനുമുള്ള ഒരു നിയമമാണിത്. ഈ ബിൽ സംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ വകുപ്പു തിരിച്ചുള്ള ചർച്ചാവേളയിൽ സംസാരിക്കാം. ക്ഷേത്രങ്ങളെപ്പറ്റി പഠിക്കാനായി നിയോഗിച്ച ഹൈ പവർ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഇതുവരെ കാര്യമായി നടപ്പിലാക്കിയിട്ടില്ല. കൊച്ചിൻ ദേവസ്വം ബോർഡ് പിരിച്ചുവിട്ട് വിജിലൻസ് എൻക്വയറിക്ക് ഉത്തരവിട്ടിട്ടുണ്ട്. കേസിൽ ദേവസ്വം ബോർഡ് പ്രസിഡന്റിനെക്കൂടി പ്രതിചേർക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ബിൽ കൊണ്ടു വരുന്ന കാര്യത്തിൽ അനാവശ്യമായ ധൃതികൂട്ടി എന്ന പ്രതിപക്ഷത്തിന്റെ വാദഗതിയിൽ യാതൊരു അർത്ഥവുമില്ല. ഭരണഘടനാ സാധുതയുള്ള നിയമമായതിനാലാണ് ഇതിന്റെ ഓർഡിനൻസ് കോടതി സ്റ്റേ ചെയ്യാതിരുന്നത്. ദേവസ്വം ബോർഡ് മെമ്പർമാരുടെ സത്യപ്രതിജ്ഞ ദേവസ്വം വകുപ്പ് സെക്രട്ടറിയുടെ മുമ്പാകെ ആയിരിക്കണമെന്നതിലൂടെ നിയമത്തിന് ഒരു കോൺസ്റ്റിറ്റ്യൂഷണൽ പ്രൊപ്രൈറ്റി ഉണ്ടാവുകയാണ്. ബോർഡിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതോടുകൂടി അധികാര വികേന്ദ്രീകരണം വഴി പരമാവധി അഴിമതി തടയാൻ സാധിക്കുന്നതാണ്. റൂൾസ് തയ്യാറാക്കുമ്പോൾ പി.എസ്.സി. വഴിയുള്ള ബോർഡിലെ നിയമനങ്ങളെ സംബന്ധിച്ച് വ്യക്തത ഉണ്ടാവുന്നതാണ്. റൂൾസ് ഗവൺമെന്റ് രൂപീകരിക്കണമോ ബോർഡിലൂടെ കൊണ്ടുവരണമോ എന്നത് ഗൗരവമായി ചർച്ച ചെയ്തു തീരുമാനിക്കാവുന്നതാണ്. താമസിയാതെ റൂൾസ് ഫ്രെയിം ചെയ്ത് സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യേണ്ടതുണ്ട്. ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട എയിഡഡ് സ്കൂളുകളിലെ നിയമന ങ്ങൾക്ക് റിക്രൂട്ട്മെന്റ് ബോർഡ് കൊണ്ടുവരുന്നതിനെക്കുറിച്ച്

ആലോചിക്കാവുന്നതാണ്. ആഡിറ്റ് റിപ്പോർട്ട് നിയമസഭാ കമ്മിറ്റിക്ക് അയയ്ക്കണമെന്ന കാര്യത്തെക്കുറിച്ച് സബ്ജക്റ്റ് കമ്മിറ്റിയിൽ ചർച്ച ചെയ്യാവുന്നതാണ്. സിറ്റിംഗ് ജഡ്ജിയേയോ റിട്ടയർ ചെയ്ത ജഡ്ജിയേയോ കമ്മിഷനായി നിയമിക്കുന്ന കാര്യത്തെക്കുറിച്ച് ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി ആലോചിക്കാവുന്നതാണ്. സർക്കാർ ഏറ്റെടുത്ത ശബരിമല ഭൂമി സംബന്ധിച്ച ഉത്തരവ് റദ്ദാക്കിയ ഇടുക്കി ജില്ലാ കളക്ടറെ തൽസ്ഥാനത്തുനിന്ന് നീക്കിയിരുന്നു. ശബരിമല വികസനത്തിനു വേണ്ടിയുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കുന്നതാണ്. രാഷ്ട്രവും മതവും മതവിശ്വാസികളും തമ്മിലുള്ള നല്ല ബന്ധമാണ് ഈ നിയമത്തിലൂടെ സർക്കാർ വിഭാവനം ചെയ്യുന്നത്. ക്ഷേത്രാധികാരങ്ങളിൽ ഭക്തർക്ക് പങ്കാളിത്തമുണ്ടാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ദേവസ്വം ബോർഡാണ് ദേവസ്വം സെക്രട്ടറിയെ നിയമിക്കുന്നത്. മലബാർ ദേവസ്വം നിയമം ഈ വർഷം തന്നെ കൊണ്ടുവരുന്നതാണ്. 2007-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

2007–ലെ തിരുവിതാംകൂർ–കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച II–ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ വൈകുന്നേരം 5.06–ന് പിരിഞ്ഞു.

* * * * * * * * * *